# പ്രിയദർശനം

**കുമാരനാശാൻ**

*(കവിത നളിനി)*

**എൻ.കുമാരനാശാൻ**

- ❖ ആധുനിക കവിത്രയത്തിൽ പ്രധാനി .
- ❖ സ്നേഹഗായകൻ എന്നറിയപ്പെടുന്ന കവി .
- ❖ 'ആശാൻ ആശയഗംഭീരൻ' എന്ന പ്രയോഗം ആശാന്റെ കാവ്യ പ്രപഞ്ചത്തിനുള്ള അംഗീകാരമാണ്.
- ❖ ശ്രീനാരായണഗുരുവിന്റെ ശിഷ്യൻ .
- ❖ സാമൂഹ്യപരിഷ്കരണത്തിന് നേതൃത്വം നൽകി.
- ❖ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് പരാമർശിക്കുന്ന കൃതികൾ .
- ❖ കൃതികൾ നായികാപ്രാധാന്യമുള്ളതാണ്.

***പ്രധാനകൃതികൾ***

വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ ചണ്ഡാലഭിക്ഷുകി, കരുണ.

## പ്രിയദർശനം

നളിനി എന്ന കാവ്യത്തിന് 'ഒരു സ്നേഹം' എന്നുകൂടി പേരുണ്ട്. നളിനി, ദിവാകരൻ എന്നിവരാണ് ഇതിലെ നായികാനായകൻമാർ. നളിനി എന്നാൽ താമരപ്പൂവും ദിവാകരൻ എന്നാൽ സൂര്യനും ആണ്. താമരയും സൂര്യനും തമ്മിലുള്ള ആത്മബന്ധം ഇവിടെ നായികാനായകൻമാരിൽ ചേർത്തുവെച്ചിരിക്കുന്നു. നളിനിയും ദിവാകരനും ബാല്യകാല കൂട്ടുകാരായിരുന്നു. അവരുടെ സ്നേഹം യൗവനത്തിൽ നളിനിയിൽ പ്രണയമായി മാറുന്നു. എന്നാൽ സന്യാസജീവിതം ആഗ്രഹിച്ച ദിവാകരൻ നാടുവിടുന്നു.ദിവാകരന്റെ വേർപാട് നളിനിയെ ദു:ഖത്തിലാഴ്ത്തി. വീട്ടുകാർ തനിയ്ക്ക് മറ്റൊരു വിവാഹം ആലോചിച്ചതറിഞ്ഞ നളിനി, വീട് വിട്ട് ഇറങ്ങിപ്പോകുന്നു. പൊയ്കയിൽ ചാടി മരണം വരിക്കാൻ ശ്രമിച്ച നളിനിയെ ഒരു സന്യാസിനി രക്ഷപ്പെടുത്തി ആശ്രമത്തിലേയ്ക്ക് കൊണ്ടു പോകുന്നു. നളിനി തപശ്ചര്യയാൽ ആശ്രമത്തിൽ കഴിയുന്നു. അഞ്ച് വർഷത്തിനു ശേഷം ഹിമവൽസാനുപ്രദേശത്ത് നളിനിയും ദിവാകരനും കണ്ടുമുട്ടുന്നു.ദിവാകരനെ കണ്ടമാത്രയിൽത്തന്നെ തിരിച്ചറിയുന്നു നളിനി .

താൻ നളിനിയാണെന്നും ദിവാകരനെ കണ്ടത് ജീവിത സാഫല്യമായി എന്നും പറയുന്ന നളിനിയോട് സന്യാസിയായ ദിവാകരൻ ശ്രദ്ധയോടെയും കരുതലോടെയുമാണ് സംസാരിച്ചത്.

***പാഠവിശകലനം***

- ❖ 'കഷ്ടകാലമഖിലം...............ഞാൻ മഹാമതേ '.
- ❖ 'എന്റെ കഷ്ടകാലമെല്ലാം തീർന്നു. അങ്ങയെ കാണാൻ കഴിഞ്ഞത് എന്റെ ഏറ്റവും വലിയ ഭാഗ്യമാണ്. അല്ലയോ മഹാത്മാവേ, ഞാൻ പണ്ട് അങ്ങേയ്ക്ക് ഇഷ്ടയായിരുന്ന നളിനിയാണ് ' എന്നു നളിനി ദിവാകരനോട് പറഞ്ഞു.

**?** കഷ്ടകാലമഖിലം കഴിഞ്ഞു <u>**ഹാ**</u> ! അടിവരയിട്ട പദം അർഥമാക്കുന്നത് എന്ത്? '

- ജീവിതത്തിലെ ദുരിതങ്ങളുടെ, കാത്തിരിപ്പിന്റെ , യാതനയുടെ മുഴുവൻ ഭാരവും ഇറക്കിവെച്ച് ആശ്വാസം കൊള്ളുന്നതാണ് ഹാ! എന്ന പദം

**?** 'പണ്ടിഷ്ടയാം' എന്ന് പറയുന്നതിന്റെ അർഥവ്യാപ്തി വിശദമാക്കുക ?

- ബാല്യകാല സൗഹൃദത്തിന്റെ ഓർമ .
- ദിവാകരന്റെ സന്യാസരൂപം കണ്ട് ഇന്ന് ഇഷ്ടമുണ്ടോ എന്ന ആശങ്ക .

## *വിശകലനം*

**?** 'കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്ന പോൽ
ദൃഷ്ടനായിഹ ഭവാൻ ഭവാനുപ-
ണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ' - ഈ വരികളിലെ ശബ്ദഭംഗി കണ്ടെത്തി എഴുതുക ?

- എല്ലാവരിയിലെയും രണ്ടാമത്തെ അക്ഷരമായ 'ഷ്ട 'എന്നത് ആവർത്തിക്കുന്നു.
- താളഭംഗി , ശബ്ദഭംഗി.

❖ പ്രാണനോടുമൊരുനാൾ...............പ്രിയമൊരിക്കലീശ്വരൻ.

•• എന്റെ മരണത്തിനുമുമ്പ് എന്നെങ്കിലുമൊരിക്കൽ അങ്ങയുടെ പാദം കാണാൻ കഴിയുമെന്ന ആശയോടെ ഞാനിവിടെകഴിയുകയായിരുന്നു. മനസ്സുരുകി പ്രാർഥിക്കുന്നവരുടെ ആഗ്രഹം ഈശ്വരൻ സാധിച്ചുതരുകതന്നെ ചെയ്യും . ദിവാകരദർശനമായിരുന്നു തന്റെ ജീവിതലക്ഷ്യമെന്നും ഈശ്വരാനുഗ്രഹത്താൽ ഇന്നതു സാധിച്ചുവെന്നും സാരം.

**?** 'പ്രാണി' എന്ന് നളിനി സ്വയം വിശേഷിപ്പിച്ചതിന്റെ സാധുത പരിശോധിക്കുക?

- നിസ്സാരജീവി
- ഈശ്വരൻ ഏത് നിസ്സാര ജീവിയുടേയും പ്രാർഥന സഫലമാക്കും.
- അത്തരത്തിലുള്ള ഒരാളാണ് താനെന്ന് നളിനി പറയുന്നു.

**?** ഭവൽപദം വിഗ്രഹിച്ചാൽ ?

- ഭവാന്റെപദം

❖ സന്ന്യസിച്ചളവുമാസ്ഥയാൽ.................മോർത്തിടായ്കിലും

•• സന്ന്യാസം സ്വീകരിച്ചപ്പോഴും അങ്ങയോടുള്ള സ്നേഹം നിമിത്തം അങ്ങയെ ഓർത്തുകൊണ്ടാണ് ഞാൻ കഴിഞ്ഞത്. അങ്ങ് എന്നെ ഓർത്താലുമില്ലെങ്കിലും ഇന്ന് അപ്രതീക്ഷിതമായി അങ്ങയെ കാണാൻ കഴിഞ്ഞതിൽ ഞാൻ ഭാഗ്യവതിയാണ്. 'ധന്യയായി സപദി കാൺക മൂലം' - നളിനി പറയുന്ന ഈ വരികളിൽ നിന്നും ദിവാകരദർശനം ആയിരുന്നു നളിനിയുടെ ജീവിതലക്ഷ്യം എന്നും അതിനായിരുന്നു നാളിതുവരെയുള്ള കാത്തിരിപ്പും, അത് സഫലമായി എന്നും മനസ്സിലാക്കാം.

❖ ഏവമോതിയിടരാർന്നു...................സുഖോദയം

•• ഇപ്രകാരം പറഞ്ഞ്, ഒന്നും പറയാൻ കഴിയാതെ അവൾ കണ്ണുനീർ ചൊരിഞ്ഞു കൊണ്ടു നിന്നു. സ്നേഹബദ്ധരായവർ വേർപെട്ട് ഏറെക്കാലത്തിനുശേഷം അപ്രതീക്ഷിതമായി കണ്ടുമുട്ടുമ്പോൾ ഉണ്ടാകുന്ന സുഖം തപ്തവും വികാരവൈവശ്യമാർന്നതുമായിരിക്കും . അതിനാൽ ആ സുഖോദയം വികലമായിത്തീരും.

**?** സ്നേഹ ബന്ധത്തിലായിരുന്നവർ ഏറെ കാലത്തെ വേർപാടിനു ശേഷം കൂടി ചേരുമ്പോൾ സുഖത്തിന്റെ ഉദയം ഈ വിധം വികലമാകുന്നു. ഇങ്ങനെ പറയാൻ കാരണമെന്ത്?

- നളിനിയുടെ വികാര പാരവശ്യം.
- ദീർഘകാലത്തെ വിയോഗം വരുത്തിയ ദു:ഖം
- ഏറെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും പറയാൻ ആവാത്ത അവസ്ഥ

**?** ഏവമോതി-പിരിച്ചെഴുതിയാൽ?

- ഏവം+ ഓതി.

❖ ധീരനായ യതി നോക്കി................ സുമോപമം

•• കരഞ്ഞ് തുടുത്ത് ബാഷ്പപൂർണമായ അവളുടെ മുഖം ധീരനായ ആ യതി നോക്കി. ദിവാകരൻ തന്നെ മറന്നുപോയതിലുള്ള സങ്കടം കൊണ്ടാണ് നളിനി കരഞ്ഞത്.എന്നാൽ പ്രഭാതത്തിൽ സൂര്യസാന്നിധ്യത്താൽ പനിനീർപ്പൂവ് വികസിക്കുന്നതുപോലെ , ദിവാകരസാന്നിധ്യം നളിനിക്ക് അമിതാനന്ദം നൽകിയെന്ന് ധ്വനിപ്പിച്ചിരിക്കുന്നു.സൂര്യകിരണമേറ്റു മഞ്ഞുതുള്ളികൾ നീരാവിയായിപ്പോകുന്നതുപോലെ നളിനിയുടെ ദുഃഖം അകന്ന് ആനന്ദം കൈവരുമെന്ന് ഈ ഉപമയിൽ പറയുന്നു.

**?** 'ധീരനായ യതി നോക്കി തമ്പി തൻ
ഭൂരിബാഷ്പപരിപാടലംമുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം. ' - വരികളിലെ ചമത്കാര ഭംഗി കണ്ടെത്തി എഴുതുക ?

- കരഞ്ഞു തുടുത്ത നളിനിയുടെ മുഖം വർണിക്കുന്നു.
- ദിവാകരൻ തന്നെ തിരിച്ചറിയാത്തതിന്റെ വിഷമം
- ഉദയസൂര്യകിരണമേറ്റ് പനിനീർ വിടരുന്നു.
- കണ്ണുനീർ നിറഞ്ഞു ചൊമന്നു തുടുത്ത നളിനിയുടെ മുഖം പനിനീർ പൂവിനു തുല്യമാണ്.
- സൂര്യകിരണമേറ്റ് മഞ്ഞു തുള്ളികൾ നീരാവിയാകുന്നത് പോലെ ദിവാകര സാമീപ്യത്താൽ നളിനിയുടെ ദു:ഖം അകന്ന് സന്തോഷം കൈവരുന്നു എന്ന സൂചന.

ധീരനായ യതി- അടിവരയിട്ടവിശേഷണം ഇന്ദ്രിയങ്ങളെ നിഗ്രഹിച്ചവനാണ് യതി എന്ന സൂചന നൽകുന്നു.

ധാരയാർന്ന - ധാര+ ആർന്ന.

❖ ആരതെന്നുടനറിഞ്ഞു...................കനിഞ്ഞവൻ

•• അവളാരാണെന്നു പെട്ടന്നു മനസ്സിലാക്കിയ ദിവാകരൻ കൗതുകത്തോടെ, പഴയകാല കഥകളെ കരുതി മനോഹരമായ ശൈശവകാല കഥയ്ക്കനുസരിച്ച് ഇങ്ങനെ പറഞ്ഞു.

**?.** ആരതെന്നുടനറിഞ്ഞു - ഘടകപദങ്ങളാക്കുക?

- ആര്, അത്, എന്ന്, ഉടൻ, അറിഞ്ഞു

**?.** ചാരുശൈശവകഥയ്ക്ക് തന്നെ ചേർന്നോരുവാക്ക് - ശൈശവ കഥയെ വിശേഷിപ്പിക്കാൻ ഉപയോഗിച്ച പദം ഏത്? പ്രത്യേകത എന്ത്?

- ചാരുശൈശവകഥ എന്നു പറഞ്ഞിരിക്കുന്നു.
- ബാല്യകാലത്തിന്റെ മനോഹാരിത.
- ആ ഓർമകൾ നൽകുന്ന സന്തോഷം.

❖ പാരവും...............................വരുന്നയേ.

•• എനിക്കേറ്റവും പരിചയമുള്ള ഈ പേരും ഈ മധുരനാദവും നീയും നിന്റെ ദൂരെയുള്ള വീടും എല്ലാം എന്റെ ഓർമ്മയിൽ വരുന്നു.

- ദിവാകരന്റെ മനസിൽ ഓർമകൾ ഉണ്ടാവുന്നു . ആദ്യം നളിനിയെന്ന പേരും അവളുടെ ശബ്ദവും പിന്നെ രൂപവും അവളുടെ വീടും എന്ന ക്രമത്തിൽ ആണ്.

❖ കണ്ടുടൻ...........................വല്ലിയായി നീ.

•• കണ്ടയുടനെ നിന്നെ തിരിച്ചറിയാത്തതിൽ അല്ലയോ സഖീ, നീ ദുഃഖിച്ചു കരയേണ്ട ;അന്നു ഞാൻ നിന്നെ കാണുമ്പോൾ നീ ഒരിളം കുരുന്നായിരുന്നു . ഇന്നാകട്ടെ, വല്ലിയായി മാറിക്കഴിഞ്ഞു . കൗമാരപ്രായത്തിൽ താൻ കണ്ടിരുന്ന നളിനി ഇന്ന് പ്രായപൂർത്തിയായ ഒരു യുവതിയായി മാറിക്കഴിഞ്ഞു . വളർച്ചയിൽ സംഭവിച്ച ഈ വ്യത്യാസംകൊണ്ടാണ് താനവളെ തിരിച്ചറിയാതിരുന്നതെന്ന് ദിവാകരൻ പറയുന്നു.

– 'ണ്ട ' എന്ന അക്ഷരത്തിന്റെ ആവർത്തനം
– താളഭംഗി ശബ്ദഭംഗി.

? ഇളംകുരുന്ന്, വല്ലി – എന്നീ വിശേഷണങ്ങളിലൂടെ വ്യക്തമാകുന്നതെന്താണ്?
- നളിനിയുടെ ബാല്യകാലത്തിന്റെ എല്ലാ സവിശേഷതകളും ഇളംകുരുന്ന് എന്ന വിശേഷണത്തിൽ ഉണ്ട്.
- ഇളം കുരുന്നിന്റെ മൃദുത്വം , ഭംഗി.
- നളിനിയുടെഇപ്പോഴത്തെ അവസ്ഥയെ വള്ളിയോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു.
- വള്ളിയുടെ സൗന്ദര്യം , മറ്റൊന്നിലേക്കുള്ള പടരൽ
- നളിനിയുടെ സൗന്ദര്യം ചാപല്യം എന്നിവ പ്രകടമാവുന്നു.

❖ എന്നിൽനിന്നാണു .......................വത്സലേ

•• അല്ലയോ വത്സലേ, എന്നിൽനിന്ന് ചെറിയൊരപ്രിയം പോലും നിനക്കുണ്ടാവില്ല. സ്നേഹം കൊണ്ടുണ്ടാകുന്ന ദൗർബല്യം അന്നും ഇന്നും ഒരുപോലെ, നിന്നിൽ ഞാൻ കാണുന്നു. കാലമിത്രയായിട്ടും നളിനിയുടെ പ്രണയചാപല്യത്തിനു മാത്രം മാറ്റം വന്നിട്ടില്ലെന്ന് സാരം .

❖ പോയതൊക്കെ.......................വാണിടുന്നു

•• കഴിഞ്ഞതെല്ലാം കഴിഞ്ഞു . നമ്മുടെ പ്രായവും ലക്ഷ്യങ്ങളും മാറി.വേണ്ടത്ര പക്വത വന്നു. അതെല്ലാം പോകട്ടെ, നീ എന്തിനാണിവിടെ വസിക്കുന്നത്?

?. 'പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും' – ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക?
- ബാല്യകാലത്തെ ചാപല്യം മറക്കുക എന്നും ഇപ്പോൾ നമ്മൾ പക്വത നേടിയവരായി എന്നും നളിനിയെ ഓർമപ്പെടുത്തുന്നു.
- ദിവാകരനെ കുറിച്ച് നളിനിയുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനായി പറയുന്നു.

❖ ഓതുകിന്നതഥവാ ....................ശരീരികൾ.

•• അല്ലയോ മംഗളസ്വരൂപിണീ, നീഎന്തിനാണിവിടെ വസിക്കുന്നതെന്ന കാര്യം പറയുക. ഒരുപക്ഷേ അതിന്റെ കാരണം അന്വേഷിക്കുന്നത് വെറുതെയാണ്. ഏതോ കാര്യത്തിനുവേണ്ടി നീ തുനിഞ്ഞുവെന്നു കരുതിയാൽ മതി. ജീവികൾ അവരുടെ കർമപ്രേരണയാൽ ഏതു മാർഗമാണ് സ്വീകരിക്കാത്തത് ? ഓരോരുത്തരും അവനവന്റെ കർമഗതിയനുസരിച്ചാണ് മുന്നോട്ടു പോകുന്നത്. അതുകൊണ്ട് അതിന്റെ കാരണം അന്വേഷിക്കുന്നത് വൃഥാവിലാണെന്ന് യോഗി കരുതുന്നു. നളിനിയും അങ്ങനെ സ്വകർമപ്രേരിതമായ ഒരു മാർഗം സ്വീകരികരിച്ചതാവാം.

?. ഓതുകിന്നതഥവാ – ഘടകപദങ്ങളാക്കിയാൽ?
ഓതുക, ഇന്ന്, അത്, അഥവാ

❖ പിന്നെയൊന്നൊരു..................... വിവേകികൾ.

•• അല്ലയോ സഖീ ! ഞാൻ ഒരു കാര്യം കൂടി ചോദിക്കട്ടെ , നീ എന്നെയോർത്തു തപസ്സുചെയ്തുകൊണ്ട് ഇവിടെകഴിഞ്ഞെന്നു പറഞ്ഞല്ലോ. എന്തുപകാരമാണു നീ എന്നിൽ നിന്ന് പ്രതീക്ഷിക്കുന്നത് ? വിവേകികളായ ആളുകൾ സ്വന്തം ജീവിതം അന്യർക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിച്ച് കൃതകൃത്യരാകും. നളിനിക്കു വേണ്ടി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ തികച്ചും സന്തോഷത്തോടെ താനതു ചെയ്യുമെന്നാണ് ദിവാകരൻ പറയുന്നത് . 'പരോപകാരാർഥമിദം ശരീരം' എന്ന ആശയമാണ് ദിവാകരൻ വെളിപ്പെടുത്തുന്നത്.

?. ദിവാകരൻ നളിനിയെ എങ്ങനെയെല്ലാമാണ് സംബോധന ചെയ്യുന്നത്?

സഖീ, വത്സലേ, ശുഭേ, അമലേ,
എന്നിങ്ങനെയാണ് ദിവാകരൻ
നളിനിയെ സംബോധന ചെയ്യുന്നത്.

**?. പ്രഭാഷണം തയാറാക്കുക.**

-'മത്സ്യതൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ പ്രളയകാല സേവനങ്ങൾ'.
- 'ആരോഗ്യ പ്രവർത്തകരുടെ കോവിഡ് കാല ഇടപെടലുകൾ'- എന്നിവ സംബന്ധിച്ച പത്രവാർത്ത ശ്രദ്ധിച്ചിട്ടുണ്ടല്ലോ?

'അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ' - (നളിനി- ആശാൻ) - വാർത്തകളെയും പാഠത്തിലെ വരികളിലെ ആശയത്തെയും ഉൾപ്പെടുത്തി 'സേവനമാണ് ജീവിതം' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക ?

- പ്രഭാഷണത്തിന്റെ ഘടന.
- ആനുകാലിക സംഭവങ്ങളെ ( പത്രവാർത്തകളെ) വിശദമാക്കുന്നു.
- പ്രിയദർശനത്തിന്റെ ആശയം ക്രമീകരിക്കുന്നു. വിശകലനം ചെയുന്നു.
- സ്വന്തംനിരീക്ഷണം അവതരിപ്പിക്കുന്നു.

?. 'അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" - (കുമാരനാശാൻ)

'അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായി വരേണം." (ശ്രീ നാരായണ ഗുരു ) - വരികൾ താരതമ്യം ചെയ്ത് കാവ്യഭാഗത്തിലെ ജീവിതവീക്ഷണം കണ്ടെത്തി കുറിപ്പ് തയാറാക്കുക?

- ദിവാകരന്റെ വാക്കുകൾ.
- ശ്രീ നാരായണഗുരുവിന്റെ വരികൾ.
- പരോപകാരാർഥമിദം ശരീരം-(മറ്റുള്ളവർക്കു ഉപകാരപ്രദമായ കാര്യങ്ങൾ വിനിയോഗിച്ച് കൃതാർഥരാവുന്നു.
- കുമാരനാശാന്റെ ജീവിത ദർശനം.
- സ്വാർഥത വെടിഞ്ഞ് മറ്റുള്ളവരെ കൂടി മുന്നിൽ കണ്ട് ജീവിക്കുക.
- ജീവിതവുമായി ബന്ധമുള്ള ഈ കാഴ്ചപാടിൽ നളിനിയിലും ശ്രീനാരായണ ഗുരുവിന്റെ ദർശനവും ഒരേ പോലെയാവുന്നു.

# യൂണിറ്റ് 3

# സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

ഗോയ്ഥെയുടെ ഡോക്ടർ ഫൗസ്റ്റ് എന്ന കൃതിയിലെ വരികളാണ് പ്രവേശകമായി ഈ യൂണിറ്റിൽ നൽകിയിട്ടുള്ളത്. വളരെ കാലത്തെ പരിശ്രമത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഒരാൾ ജീവിതത്തിൽ നേടിയെടുക്കുന്നതാണ് കല. അത് എല്ലാ കാലവും നിലനിൽക്കുന്നതാണെങ്കിലും ജീവിതം വളരെ പെട്ടെന്നു തന്നെ അവസാനിക്കുന്നതാണ്. കലയെ അപേക്ഷിച്ച് ജീവിതം വളരെ ചെറുതായതായി നമുക്ക് അനുഭവപ്പെടാം. എങ്കിലും മനുഷ്യന്റെ മാനസിക സംഘർഷങ്ങൾക്ക് അയവു വരുത്തി ഉന്മേഷം നൽകുന്ന സങ്കീർത്തനമായി മാറാൻ കലയ്ക്ക് സാധിക്കുന്നു.

## നളചരിതം ആട്ടകഥ

കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. 18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഉണ്ണായിവാര്യരുടെ കൃതിയാണ് നളചരിതം ആട്ടക്കഥ. നളനും ദമയന്തിയുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. നാലു ദിവസങ്ങളിലെ കഥയായിട്ടാണ് ഇത് രചിക്കപ്പെട്ടിരിക്കുന്നത്. നളചരിതം രണ്ടാം ദിവസത്തെ കഥയാണ് പ്രലോഭനം എന്ന പാഠഭാഗം.

### ശ്ലോകം -5

ആട്ടകഥയിലുള്ള ശ്ലോകങ്ങൾ, തുടർന്നു വരുന്ന പല്ലവി, അനുപല്ലവി, ചരണം എന്നിവയിലെ ആശയങ്ങളുടെ ചുരുക്കെഴുത്താണ്. ഇവിടെ നൽകിയിരിക്കുന്ന ശ്ലോകത്തിൽ തുടർന്നുവരുന്ന വരികളുടെ മുഴുവൻ ആശയങ്ങളും ഉൾക്കൊള്ളുന്നു.

### ആശയം

കോപത്തിനും മത്സരത്തിനും വശംവദനായ കലി ദ്വാപരനോടൊപ്പം ഭൂമിയിൽ വന്ന് വിഡ്ഢിയായ പുഷ്കരനെ അന്യന്റെ ധനം അപഹരിക്കാൻ രഹസ്യമായി പ്രേരിപ്പിച്ചു.

### കഥകളിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ

- **ശ്ലോകത്തിൽ കഴിക്കുക**

  ആശയങ്ങൾ ചുരുക്കിപ്പറയുക

- **കഥയറിയാതെ ആട്ടം കാണുക.**

കഥകളിക്ക് ഇതിവൃത്തമായ പുരാണ കഥയറിയാതെ കഥകളി കാണുമ്പോൾ കാഴ്ചക്കാരന് മനസിലാക്കാൻ പ്രയാസം നേരിടുന്നു. (പശ്ചാത്തലം മനസ്സിലാക്കാതെ കാര്യത്തിൽ ഇടപെടുക)

- **ശിങ്കിടി പാടുക**

കഥകളി നടക്കുമ്പോൾ പിന്നിൽ നിന്ന് പാടുകയും ഏറ്റെടുത്ത് കൂടെ പാടുകയും ചെയ്യുന്ന രീതി. *(ഏറ്റു പറയുക )*

**പാഠസന്ദർഭം**

നിഷധ രാജ്യത്തെ രാജാവായ നളൻ, ജനസമ്മതനും ബുദ്ധിശാലിയുമായ ഭരണാധികാരിയായിരുന്നു. എന്നാൽ ഒരു അധികാരവും അവകാശവുമില്ലാതെ രാജാവിന്റെ സഹോദരൻ എന്ന പേരിൽ മാത്രം അറിയപ്പെടുന്ന കഥാപാത്രമാണ് പുഷ്കരൻ. ഇതിൽ പുഷ്കരൻ അസ്വസ്ഥനായിരുന്നു. പുഷ്കരന്റെ ഈ മാനസികാവസ്ഥയെ ചൂഷണം ചെയ്യുകയാണ് കലി. കലിയുടെ പ്രലോഭനത്തിൽ അകപ്പെട്ടുപോയ പുഷ്കരൻ, സഹോദരനായ നളനെ എതിരിടാൻ തീരുമാനിക്കുകയാണ്. ഇതിനായി പുഷ്കരനിൽ ആത്മവീര്യമുണ്ടാക്കാൻ കലിയ്ക്ക് കഴിയുന്നു.

⏩ പുഷ്കരനെ ജളൻ എന്ന് വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യമെന്ത്?

ജളൻ - വിഡ്ഢി

- തനിയ്ക്ക് അധികാരമൊന്നുമില്ലാത്തതിനാൽ പരിഭവിക്കുന്ന പുഷ്കരൻ
- ജനങ്ങൾക്കിടയിൽ സൽപേരുള്ള നളനെക്കുറിച്ച് പുഷ്കരന് വ്യക്തമായി ബോധമുണ്ട്.
- അപരിചിതനായ കലിയെ മുന്നിൽ കണ്ടപ്പോൾ തന്റെ സങ്കടങ്ങൾ മുഴുവൻ പുഷ്കരൻ പറയുന്നു.
- ഒടുവിൽ തന്റെ വാക്കുകൾ അനവസരത്തിലായോ എന്ന് പുഷ്കരൻ ശങ്കിക്കുന്നു.
- ബാഹ്യശക്തികളുടെ പ്രേരണ കൊണ്ട് സ്വന്തം സഹോദരനെ തള്ളിപ്പറയാൻ ശ്രമിച്ച പുഷ്കരൻ, യഥാർത്ഥ ബന്ധുവിനെ തിരിച്ചറിയാൻ കഴിയാത്ത വിഡ്ഢിയാണ്
- 'ദൂരത്തുന്നാരും വരികയില്ല നമ്മെകാണ്മാൻ' ഈ വരികളിലൂടെ പുഷ്കരന്റെ മാനസികാവസ്ഥ വെളിപ്പെടുന്നതെങ്ങനെ?
- തന്റെ സഹോദരന് ലഭിക്കുന്ന അംഗീകാരം ജനങ്ങളിൽ നിന്ന് തനിക്ക് കിട്ടുന്നില്ല എന്ന ചിന്ത

- ജനങ്ങൾക്ക് വേണ്ടി നന്മകൾ ചെയ്യുന്ന നളനെ ആളുകൾ തിരിച്ചറിയുന്നു
- തന്നെ ആരും ശ്രദ്ധിക്കുന്നില്ല എന്ന പരിഭവം

| വൈരസേനി - വീരസേനന്റെ മകൻ ( നളൻ ) |
|---|

| പ്രധാന കഥകളിവേഷങ്ങൾ |
|---|
| പച്ച, കത്തി, കരി, താടി, മിനുക്ക് |

**കാവ്യഭാഗത്തിലൂടെ -**

- തന്റെ അരികിൽ വന്നു നിന്നത് ആരെന്ന് പുഷ്കരൻ തിരിച്ചറിയുന്നില്ല.
- എങ്കിലും തന്റെ ഉള്ളിലുള്ള വിഷമങ്ങൾ മുഴുവൻ പറയുന്നു.
- അധികാരങ്ങളൊന്നുമില്ലാത്തതിനാൽ പുഷ്കരന് മനോവിഷമമുണ്ട്.
- അവസരം മുതലെടുത്ത് കലി പുഷ്കരനെ സ്വാധീനിക്കുന്നു.
- തന്റെ സഹായമുണ്ടെങ്കിൽ പുഷ്കരന് നളനെ തോൽപ്പിച്ച് അധികാരസ്ഥാനത്തെത്താം എന്ന് കലി ഉറപ്പു നൽകുന്നു. അതിനായി ചൂത് കളിയ്ക്ക് പുഷ്കരനെ പ്രലോഭിപ്പിക്കുന്നു.
- കലിയുടെ കുടിലബുദ്ധിയെ തിരിച്ചറിയാൻ പുഷ്കരന് കഴിയുന്നില്ല.

**കലിയുടെ പ്രലോഭനത്തിനടിമപ്പെട്ട പുഷ്കരൻ സ്വന്തബന്ധങ്ങൾ മറന്ന് നളനെതിരെ പ്രവർത്തിക്കാൻ സന്നദ്ധനാകുന്നു.**

- കലിയുടെ ആത്മവിശ്വാസം ജനിപ്പിക്കുന്ന വാക്കുകളെന്തെല്ലാം?

- ചൂതിന് പണയ വസ്തുവായി എന്നെ ഉപയോഗിച്ചോളൂ
- എന്റെ സഹായമുണ്ടെങ്കിൽ വിജയം സുനിശ്ചിതമാണ്.
- തസ്യനാട് ഞാൻ തേ തരുന്നു എന്ന് കലി പുഷ്കരന് ഉറപ്പ് നൽകുന്നു.

- **പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു - പുഷ്കരന്റെ ഈ വാക്കുകളിൽ തെളിയുന്നതെന്തെല്ലാം?**

- പുഷ്കരൻ കലിയോട് പറയുന്ന വാക്കുകളാണിത്.
- തന്റെ മുന്നിൽ വന്നുനിൽക്കുന്നത് ആരാണെന്ന് പോലും അറിയാതെ പുഷ്കരൻ തന്റെ പരിഭവം പറയുന്നു.

- നളന് മാത്രം ലഭിക്കുന്ന അധികാരത്തെക്കുറിച്ച് പറഞ്ഞ് വിഷമിക്കുന്നു.
- തനിക്ക് ലഭിക്കാത്ത പരിഗണനയെക്കുറിച്ച് പരിതപിക്കുക.
- പിന്നീട് അപരിചിതനായ ഒരാളോട് താൻ ഇത്തരത്തിൽ സംസാരിച്ചത് അബദ്ധമാണെന്ന് തിരിച്ചറിയുന്നു.

- ദൂരത്തുനിന്നാരും വരികയില്ല നമ്മെകാണ്മാൻ- ഈ വരിയിലെ സൂചനയെന്ത്?

- പുഷ്കരന് നളനുലഭിക്കുന്ന പരിഗണനയില്ല.
- ജനങ്ങൾ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് നളനെകണ്ട് പറഞ്ഞാണ്.
- കൊട്ടാരത്തിൽ മാത്രമല്ല, ദൂരത്ത് നിന്ന് വരുന്നവർപോലും തന്നെ ഗൗനിക്കുന്നില്ല എന്ന് പുഷ്കരൻ കലിയോട് പറയുന്നു.
- തന്റെ കഴിവുകൾ അംഗീകരിക്കാതിരിക്കുന്നവരോടുള്ള പരിഭവം

ദുഷ്കരമായിട്ടൊന്നുമില്ല കേൾ

മത്സഹായ മുണ്ടായാലേവനും

കലിയുടെ എന്ത് ഭാവമാണ് ഈ വരികളിൽ തെളിയുന്നത്?

- കലിയുടെ ആത്മവിശ്വാസമാണ് ഈ വരിയിലുള്ളത്.
- കലി സ്വയം പരിചയപ്പെടുത്തുന്നതെങ്ങനെ?
- ലോകത്തിൽ എന്നെ അറിയാത്തവരില്ല.
- ഞാൻ വൈരസേനിയുടെ (നളന്റെ) ശത്രുവാണ്.

- നളനും പുഷ്കരനും തമ്മിലുള്ള മത്സരത്തിൽ പുഷ്കരന് വിജയം സുനിശ്ചിതമാണെന്ന് കലി ഉറപ്പുനൽകുന്നതിന്റെ സൂചനയെന്ത്?

ചൂതിനായി കലിയെ പണയം വെക്കാൻ പറയുന്നു. ഇത് വിജയസാധ്യത വർദ്ധിപ്പിക്കുന്ന താണെന്ന് എന്ന് സൂചന.

## ഉണ്ണായിവാര്യർ

18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവിയാണ് ഉണ്ണായിവാര്യർ. കുഞ്ചൻ നമ്പ്യാരുടേയും

രാമപുരത്ത് വാര്യരുടേയും സമകാലികനായിരുന്നു അദ്ദേഹം. തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ മഹാരാജാവ്, കൊച്ചിരാജാവ് എന്നിവരുടെ ആശ്രിതനായിരുന്നു. നളചരിതം ആട്ടക്കഥ എന്ന ഒറ്റ കൃതികൊണ്ടുമാത്രം മലയാളസാഹിത്യത്തിൽ പ്രശസ്തി നേടി. 'കേരളത്തിലെ ശാകുന്തളം' എന്ന് 'നളചരിതം ആട്ടക്കഥ'യെ വിശേഷിപ്പിക്കാറുണ്ട്.

## യുദ്ധത്തിന്റെ പരിണാമം

*- കുട്ടികൃഷ്ണമാരാർ*

**കുട്ടികൃഷ്ണമാരാർ**

സാഹിത്യ വിമർശകൻ

ഭാഷാ ശാസ്ത്രജ്ഞൻ

പ്രധാനകൃതികൾ

കലജീവിതം തന്നെ

ഭാരതപര്യടനം

സാഹിത്യവിദ്യ

രാജാങ്കണം

സാഹിത്യഭൂഷണം

### ഭാരതപര്യടനം

വ്യാസ വിരചിതമായ മഹാഭാരതത്തിന് കുട്ടികൃഷ്ണമാരാർ തയ്യാറാക്കിയ വിമർശനാത്മക പഠനമാണ് ഭാരതപര്യടനം. അമാനുഷർ എന്ന് കരുതുന്ന കഥാപാത്രങ്ങളെ മനുഷ്യരായി അവതരിപ്പിച്ചു കൊണ്ട് അവരുടെ ശക്തി ദൗർബല്യങ്ങൾ മാരാർ തുറന്നു കാണിക്കുന്നു. വ്യാസൻ മൗനം പാലിച്ച മഹാഭാരതയിടങ്ങളെ പൂരിപ്പിക്കുകയാണ് മാരാർ ഈ കൃതിയിലൂടെ.

### പാഠസംഗ്രഹം

യൂദ്ധത്തിന്റെ പരിണാമം

കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനത്തിലെ ഒരു ഭാഗമാണ് യുദ്ധത്തിന്റെ പരിണാമം. യുദ്ധ സംഘർഷങ്ങൾ നിറഞ്ഞു നിൽക്കുന്ന വർത്തമാനകാല ലോകസാഹിത്യത്തിൽ

യുദ്ധത്തിനെതിരായി സമാധാനത്തിന്റെ സന്ദേശം പകർന്നു തരുന്ന പാഠഭാഗമാണിത്. യുദ്ധനീതിക്കെതിരായുള്ള ഭീമന്റെ കടന്നാക്രമണത്തിൽ തുടചതഞ്ഞ് മരണംപ്രതീക്ഷിച്ച് കിടക്കുന്ന ദുര്യോധനൻ സ്വയം വിലപിക്കുകയും, ആക്രോശിക്കുകയും, ആശ്വസിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ് കഥാസന്ദർഭം.

കൗരവപ്പടയിൽ അവശേഷിക്കുന്ന കൃപകൃതവർമ്മാശ്വത്ഥാമാക്കൾ അവിടെ എത്തുന്നു. രാജാവിന്റെ കിടപ്പുകണ്ട് ദ്രോണപുത്രനായ അശ്വത്ഥാമാവ് താൻ പ്രതികാരം ചെയ്യുമെന്ന് പ്രതിജ്ഞചെയ്തു. എന്നിട്ട് അവർ പാണ്ഡവകൂടാരത്തിലേക്ക് പോകുകയും കൂടാരത്തിലുള്ളവരെയെല്ലാം വെട്ടിക്കൊല്ലുകയും ചെയ്യുന്നു. പകയുടെ പ്രതീകമായ അശ്വത്ഥാമാവ് എല്ലാമനുഷ്യരിലും കുടികൊള്ളുന്നുവെന്നും ഏത് സമയത്തും സർവ്വനാശം വരുത്താൻ തക്കശേഷിയുള്ള പകയെ കരുതിയിരിക്കുക എന്നും മാരാർ ഓർമ്മിപ്പിക്കുന്നു. ഈ ഇതിഹാസ സന്ദർഭ വിശകലനത്തിലൂടെ മാരാർ യുദ്ധത്തിന്റെ പരിണാമത്തിൽ മൂന്ന് ഭാഗങ്ങളായാണ് മഹാഭാരതത്തെ വിശകലനം ചെയ്തിട്ടുള്ളത്.

1. ഭീമസേനന്റെ ഗദാപ്രയോഗത്തിൽ തുടചതഞ്ഞ് കുരുക്ഷേത്രഭൂമിയിൽ മരണാസന്നനായി കിടക്കുന്ന ദുര്യോധനനെ കാണാൻ സഞ്ജയൻ എത്തുന്നു. യുദ്ധാവസാനം കൗരവപ്പടയിൽ അവശേഷിച്ച കൃപർ, കൃതവർമ്മാവ്, അശ്വത്ഥാമാവ് എന്നിവർ ദുര്യോധനന്റെ കിടപ്പ് കണ്ട് ദുഃഖിതരാകുന്നു. പ്രതികാരേച്ഛയാൽ അവർ പാണ്ഡവ കൂടാരത്തിലേക്ക് പോകുന്നു.

2. പാണ്ഡവശിബിരത്തിൽ അശ്വത്ഥാമാവ് നടത്തിയ ക്രൂരവും പൈശാചികവുമായ കൊലപാതകം.

3. അശ്വത്ഥാമാവിനെ എതിരിടാനും ചൂഢാമണി നേടിയെടുക്കാനുമുള്ള പാണ്ഡവരുടെ യാത്രയും ശ്രീകൃഷ്ണശാപത്താൽ പകയുടെ പ്രതീകമായ അശ്വത്ഥാമാവ് കാട്കയറുന്നതും.

***വിശദമാക്കേണ്ടവ :-***

- ധർമ്മക്ഷേത്രമായ കുരുക്ഷേത്രം:-

  കുരുക്ഷേത്ര ഭൂമിയെ ധർമ്മക്ഷേത്രമായി കണക്കാക്കാനുള്ള കാരണമെന്ത്? .

  സത്യവും ധർമ്മവും നിലനിൽക്കുന്നയിടമാണെന്ന അർത്ഥത്തിലാണ് ധർമ്മക്ഷേത്രമെന്ന് പ്രയോഗിച്ചിരിക്കുന്നത്. മഹാഭാരത യുദ്ധം നടക്കുന്നതിന് മുൻപ് ഇരു ഭാഗക്കാരും ഉണ്ടാക്കിയ ഉടമ്പടിയിൽ തീർത്തും കുറ്റമറ്റ ധർമ്മയുദ്ധം എന്നാണ് നിശ്ചയിച്ചിരുന്നത്.

- ‘വല്ലപാടും നേടിയ വിജയം’ എന്ന വിശേഷണത്തിന്റെ ഔചിത്യം വ്യക്തമാക്കുക

  എങ്ങനെയെങ്കിലും നേടിയ വിജയമായിരുന്നു പാണ്ഡവരുടേത്. യുദ്ധത്തിന്റെ ഉടമ്പടികൾ തെറ്റിച്ചു. മഹാരഥൻമാരെയെല്ലാം വീഴ്ത്തിയത് യുദ്ധധർമ്മത്തിന് എതിരായിട്ടാണ്. ധരമ്മത്തിലൂന്നിയ യുദ്ധമായിരുന്നെങ്കിൽ പാണ്ഡവർക്ക് കൗരവരെ ഇത്തരത്തിൽ ജയിക്കാൻ സാധിക്കുമായിരുന്നില്ല.

  കോപാശ്രു - കോപത്താലുള്ള അശ്രു

- ‘പാമ്പിനെപോലെ ചീറ്റിക്കൊണ്ടും’ എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്?

- മരണാസന്നനായിരിക്കുമ്പോഴും ദുര്യോധനന്റെ ദേഷ്യം, പക എന്നിവ കാണിക്കുന്നതിനാണ് പാമ്പിനെ പോലെ ചീറ്റിക്കൊണ്ട് എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

## ഗുരുഘാതികൾക്ക് കുലപാഠസന ലോകങ്ങളില്ല

ആയുധം കൊണ്ട് തന്നെ വധിച്ചേക്കൂ എന്ന് അശ്വത്ഥാമാവിനോടപേക്ഷിക്കുന്ന ധൃഷ്ടദ്യുമ്നനോട് അശ്വത്ഥാമാവ് പറയുന്ന വാക്കുകളാണിത്. ദുർമരണമടയുന്നവർക്ക് സ്വർലോകം ലഭിക്കില്ല എന്നാണ് വിശ്വാസം. യുദ്ധസമയത്ത് അശ്വത്ഥാമാവ് മരിച്ചു. എന്ന യുധിഷ്ഠിരന്റെ വാക്കുകൾ കേട്ട് മകൻ മരിച്ചെന്ന് കരുതി ദ്രോണൻ ആയുധം താഴെയിട്ടു. ഈസമയം കൈമുതലാക്കി ധൃഷ്ടദ്യുമ്നൻ സ്വന്തം ഗുരുകൂടിയായ ദ്രോണരുടെ ശിരസ്സറുക്കുകയാണ് ചെയ്തത്. സ്വന്തം ഗുരുവിനെകൊന്ന ധൃഷ്ടദ്യുമ്നൻ സ്വർഗ്ഗം അർഹിക്കുന്നില്ല എന്നാണ് അശ്വത്ഥാമാവിന്റെ വാക്കുകളുടെ അർത്ഥം.

**ഗജാശ്വരഥം - ഗജം, അശ്വം, രഥം**

**വായോവീര്യോത്സാഹങ്ങൾ -**
**വയസ്സ്, വീര്യം, ഉത്സാഹം, ആദിയായവ**

**കൃപകൃതവർമ്മാശ്വത്ഥാത്മാക്കൾ -**
**കൃപർ, കൃതവർമ്മാവ്, അശ്വത്ഥാമാവ് മുതലായവർ.**

**ധാർത്തരാഷ്ട്രൻ - ധൃതരാഷ്ട്രരുടെ പുത്രൻ**

# അശ്വത്ഥാമാവ്

- ദ്രോണരുടെ പുത്രൻ എന്ന അർത്ഥത്തിൽ ദ്രൗണി എന്നും വിളിക്കുന്നു.
- ദുര്യോധനനോടുള്ള സൗഹൃദം ആദരവ്
- പിതാവിനെ കൊന്നതിൽ പ്രതികാരദാഹി
- ക്രൂരതയുടെ മൂർത്ത രൂപം. താൻ ഇല്ലാതായാലും ശരി എതിരാളിയുടെ വംശത്തെ പൂർണമായും ഇല്ലാതാക്കാനുള്ള ആഗ്രഹം. ക്രൂരതചെയ്താലും മനശ്ചാഞ്ചല്യം ഇല്ലാത്തവൻ.
- മനുഷ്യ മനസ്സിൽ കാലാകാലങ്ങളിൽ കുടികൊള്ളുന്ന പകയുടെ പ്രതീകമായി അശ്വത്ഥാമാവ് മാറുന്നു. അതുകൊണ്ടാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവി എന്നു വിളിക്കുന്നത്.
- ശപിക്കപ്പെട്ടവൻ എന്ന വിശേഷണം ചേർന്നു നിൽക്കുന്ന കഥാപാത്രം

ചോദ്യസാധ്യത - യുദ്ധം സർവ്വവിനാശകം

* ഓരോയുദ്ധവും മനുഷ്യനും പ്രകൃതിക്കും ഏൽപ്പിക്കുന്ന ആഘാതങ്ങൾ.
* വൈധവ്യം, വൈകല്യം, അനാഥത്വം, ദാരിദ്ര്യം, വിഭവശോഷണം ഇവ യുദ്ധം വരുത്തിവെക്കുന്ന പ്രാധാന പ്രശ്നങ്ങളാണ്.
* ഓരോ യുദ്ധവും പുതിയ പുതിയ യുദ്ധങ്ങൾക്ക് കാരണമാകുന്നു. (ഒന്നാം ലോകമഹായുദ്ധം മുതൽ റഷ്യ ഉക്രൈൻ യുദ്ധംവരെ)
* അഭയാർത്ഥി പ്രശ്നങ്ങൾ.
* സ്നേഹം ആയുധമാക്കുക.
* ആയുധമല്ല അന്നമാണ് വേണ്ടത്.
* ജാതി, മത, വർഗ്ഗ, വർണവ്യത്യാസങ്ങൾക്കപ്പുറം മനുഷ്യനെ കാണുക.

**ഭാഗീരഥീകച്ഛം - ഭാഗീരഥിയുടെ കച്ഛം**

**വിശദമാക്കാൻ**

- സമുദ്രംതാണ്ടി സമ്പാദ്യവും കൊണ്ട് വരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി.

- യുദ്ധം ജയിച്ചു എന്ന ആശ്വാസത്തിൽ പാണ്ഡവർ വിശ്രമിക്കുന്ന സമയത്താണ് അശ്വത്ഥാമാവ് നടത്തിയ അരുംകൊലയുടെ വിവരം അറിയുന്നത്. പതിനെട്ട് ദിനങ്ങൾ നീണ്ടു നിന്ന യുദ്ധത്തിന്റെ എല്ലാ ഭീകരതയും കലുഷതയും സമുദ്രം എന്നതിലും, നിമിഷ നേരം ഏറ്റവും എളുപ്പത്തിൽ അശ്വത്ഥാമാവ്ചെയ്ത ക്രൂരതയിലൂടെ പാണ്ഡവർക്ക് ഏറ്റ തോൽവി കൈത്തോട് എന്നതിലും വ്യക്തമായിരിക്കുന്നു.

**കഥാപാത്രനിരൂപണം**

ദുര്യോധനൻ എന്ന കഥാപാത്രത്തെ കുട്ടികൃഷ്ണമാരാർ എങ്ങനെയാണ് അവതരിപ്പിക്കുന്നത്.

- കൗരവരിൽ മൂത്തയാൾ
- ക്ഷത്രിയധർമം നിർവഹിച്ച രാജാവ്

  (രാജ്യം ശരിയായി ഭരിച്ചു, ശത്രുക്കളെ ഇല്ലാതാക്കി, മാതാപിതാക്കളെ സംരക്ഷിച്ചു )

- കൃഷ്ണന്റെ പ്രഭാവം അറിഞ്ഞിട്ടും യുദ്ധത്തിൽ പങ്കെടുത്തു അവസാനം വരെ യുദ്ധം ചെയ്തു.
- പാണ്ഡവർക്ക് ധർമ്മയുദ്ധം ചെയ്ത് തന്നെ തോല്പിക്കാൻ കഴിഞ്ഞില്ല എന്നും തന്റെ മരണശേഷം മാത്രമേ സ്വത്തുവകകൾ അവർക്ക് ലഭ്യമാകൂ എന്ന ചിന്ത.
- മാതാപിതാക്കളോടുള്ള ആദരം, സ്നേഹം, വാർദ്ധക്യത്തിൽ അവരെ ആര് നോക്കുമെന്ന ചിന്ത.
- ഭാര്യയെയും മകനെയും ഓർക്കുന്നതിന് മുൻപ് ഏക സഹോദരിയായ ദുശ്ശളയെപ്പറ്റി ചിന്തിക്കുന്നു.
- ജനങ്ങൾക്ക് രാജാവിനോടുള്ള സ്നേഹം പ്രകടമാകുന്നു.
- ദുര്യോധനനിൽ കാണുന്ന സ്വപ്രത്യയസ്ഥൈര്യം (ഏത് പ്രതിസന്ധിയിലും ഇളകാത്ത മനസോട് കൂടിയ അവസ്ഥ )
- വേദന കൊണ്ട് പുളയുന്ന ദുര്യോധനനെ ഭീമൻ ചവിട്ടിയത് ശരിയായില്ല എന്നും ദുര്യോധനന്റെ ആഭിജാത്യവും ഹൃദയോന്നതിയും മാതൃകാപരമാണെന്നും മാരാർ പറയുന്നു.
- ദുര്യോധനൻ എന്നും സുയോധനൻ എന്നും വ്യാസൻ അയാൾക്ക് പേര് നൽകിയിരിക്കുന്നു.

  (ആയോധനകലയെ മോശമായ കാര്യത്തിന് ഉപയോഗിക്കുന്നവനും ആയോധനകലയെ നല്ല രീതിയിൽ ഉപയോഗിക്കുന്നവൻ എന്നും വിശേഷിപ്പിച്ചു.)

## ശീർഷകത്തിന്റെ പ്രത്യേകത

യുദ്ധം വരുത്തിയ വിനാശത്തെ പ്രതിപാദിക്കുന്ന പാഠഭാഗം ഏത് യുദ്ധവും അവസാനിക്കുന്നത് പൂർണമായ നാശത്തിലായിരിക്കും. ദുര്യോധനന്റെയും, പാണ്ഡവരുടെയും അശ്വത്ഥാമാവിന്റെയും കഥാഭാഗത്തിലൂടെ കുട്ടികൃഷ്ണമാരാർ പറഞ്ഞു വെയ്ക്കുന്നതും യുദ്ധത്തിന് ശേഷമുള്ള അശുഭകരമായ കാര്യത്തെ തന്നെയാണ്.

## ആത്മാവിന്റെ വെളിപാടുകൾ

റഷ്യൻ നോവലിസ്റ്റായ ഫയദോർ ദസ്തയേവ്സ്കിയുടെ ജീവിതം അടിസ്ഥാനമാക്കി പെരുമ്പടവം ശ്രീധരൻ എഴുതിയ ഒരു സങ്കീർത്തനം പോലെ എന്ന നോവലിലെ പത്താം അധ്യായമാണ് ആത്മാവിന്റെ വെളിപാടുകൾ.

'ചൂതാട്ടക്കാരൻ' എന്ന നോവൽ എഴുതുന്ന സമയത്ത് ദസ്തയേവ്സ്കി അനുഭവിച്ച മാനസിക സംഘർഷം വെളിവാക്കുന്ന പാഠഭാഗം. സാമ്പത്തിക ബാധ്യതയും അപസ്മാരരോഗത്തിന്റെ അസ്വസ്ഥതകളും ദസ്തയേവ്സ്കിയെ ആകെ ഉലച്ചു. കൃത്യ സമയത്ത് നോവൽ പൂർത്തിയാക്കാൻ സാധിച്ചില്ലയെങ്കിൽ എഴുതാനിടയുള്ളതുൾപ്പെടെ എല്ലാ പുസ്തകങ്ങളുടെയും അവകാശം സ്റ്റെല്ലോവ്സ്കി എന്ന പ്രസാധകനിൽ ആകും. ഉദ്ദേശിച്ച സമയത്തിനുള്ളിൽ നോവൽ പൂർത്തിയാക്കാൻ കഴിയാതെ വരുന്ന ദസ്തയേവസ്കിയുടെ മാനസികസംഘർഷങ്ങളും അന്നയുടെ സൗഹൃദവും പാഠഭാഗത്ത് വരുന്നു.

**സവിശേഷ ഭാഷാപ്രയോഗങ്ങളും ഗദ്യത്തിൽ കാവ്യാത്മകത നിറച്ചു കൊണ്ടുള്ള രചനയും ഈ പാഠഭാഗത്തിന്റെ പ്രത്യേകതയാണ്.**

വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ

- എല്ലാവരാലും അവഗണിക്കപ്പെടുന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തെ അവതരിപ്പിക്കുന്നു.

**നഗരചത്വരം - നഗരത്തിന്റെ ചത്വരം**

- ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്?
- സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ?
- അസ്വസ്ഥതകൾ നിറഞ്ഞ ദസ്തയേവ്സ്കിയുടെ ജീവിത പശ്ചാത്തലവും അദ്ദേഹത്തിന്റെ കാഴ്ചപ്പാടും വിശദമാക്കുന്നു. ആകാശത്തിന്റെ നിഴൽ പോലെ ഭൂമിയിൽ വെളിച്ചമുണ്ട് - പ്രയോഗഭംഗി കണ്ടെത്തി വിശദീകരിക്കുക

പ്രഭാതത്തിന് മുമ്പുള്ള അരണ്ട വെളിച്ചത്തെ വിശേഷിപ്പിച്ചിരിക്കുന്നു.

ആകാശത്തെയും ഭൂമിയെയും മൂടിക്കിടക്കുന്ന മഞ്ഞിലൂടെ അരിച്ചെത്തുന്ന അരണ്ട വെളിച്ചമായത് കൊണ്ടാണ് ആകാശത്തിന്റെ നിഴൽ എന്ന് പ്രയോഗിച്ചത്.

- ആ ചരടുകളെല്ലാം കൂടികെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുടുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു.
- ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥകളുമായി ബന്ധിപ്പിക്കുന്ന വരികളാണിവ.
- ചേട്ടന്റെ കുടുംബത്തെ സംരക്ഷിക്കേണ്ട ബാധ്യതകൾ
- എമിലി വരുമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ
- പാഷയിൽ കാണുന്ന സ്വഭാവദൂഷ്യങ്ങൾ.
- പുസ്തകപ്രസാധകനായ സ്റ്റേല്ലോവ്സ്കിയുമായുള്ള ഉടമ്പടി.
- അപസ്മാരരോഗം നൽകുന്ന വിഷമതകൾ
- അന്നയുടെ സാന്നിധ്യം നഷ്ട്ടപ്പെടുമോ എന്ന ചിന്ത.
- ബന്ധങ്ങളെയെല്ലാം ചേർത്തു നിർത്താൻ ദസ്തയേവ്സ്കി തയ്യാറാവുന്നു.
- സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ? എന്ന് ദസ്തയേവ് സ്കി ചിന്തിക്കുന്നു.
- ഭാര്യയുടെ മരണം കാത്ത് ഒരാൾ പന്ത്രണ്ടുമാസം അവളുടെ അരികിൽ നിസ്സഹായനായി ഇരിക്കുന്നു.
- ദസ്തയേവ്സ്കി അന്നയോട് തന്റെ പഴയ കാല സാഹചര്യങ്ങൾ പറയുന്നു.
- ഭാര്യയോടുള്ള ദസ്തയേവ്സ്കിയുടെ സ്നേഹം പ്രകടമാകുന്ന ഭാഗം.
- ഗുരുതര രോഗത്തിന് അടിമയാകുന്ന ഭാര്യ അനുഭവിക്കുന്ന വേദന.
- വേദനയിൽ നിന്നും അവളെ രക്ഷപ്പെടുത്തണേയെന്ന അദ്ദേഹത്തിന്റെ പ്രാർത്ഥന.
- കുടുംബ ബന്ധങ്ങളുടെ ഉറപ്പ് പ്രകടമാകുന്നു.
- അത്രമേൽ സ്നേഹിച്ച ഒരാൾ നഷ്ട്ടമാകുമ്പോൾ ശവക്കുഴിയിൽ അവളോടൊപ്പം എന്താണ് അടക്കിയതെന്ന് അയാൾ ചിന്തിക്കുന്നു.

- നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്ത് പണിയാണ് ഈ ഭൂമിയിൽ ഉള്ളത്? അതും കുടില ബുദ്ധികളുടെ ഇക്കാലത്ത്.
- താൻ പുതുതായി എഴുതാൻ തുടങ്ങുന്ന നോവലിലൂടെ നന്മയുടെ മൂർത്തിയായി ഒരാളെ സൃഷ്ടിക്കുകയെന്ന ലക്ഷ്യമാണ് തനിക്കുള്ളതെന്ന് ദസ്തയേവ്സ്കി വ്യക്തമാകുന്നു.
- നന്മയുള്ളവർ സമൂഹത്തിൽ ഉണ്ടാവണം എന്ന ആഗ്രഹം പ്രകടമാവുന്ന വരികൾ.
- ദസ്തയേവ്സ്കിയുടെ സാമൂഹിക പ്രതിബദ്ധത അടയാളപ്പെടുത്തുന്നു.
- എഴുത്തിലൂടെ നന്മയുടെ ലോകം സൃഷ്ടിക്കാനുള്ള ആഗ്രഹം.
- ജീവിതത്തിന്റെ മൂല്യം തിരിച്ചറിയുന്നു.

  ജീവിതാനുഭവങ്ങളിൽ നിന്നുണ്ടാവുന്ന കണ്ടെത്തലുകൾ.

# യൂണിറ്റ് 4
# വാക്കുകൾ സർഗതാളങ്ങൾ

➲ പാബ്ലോനെരുദയുടെ കവിതയുടെ പൊരുൾ കണ്ടെത്തുക?

ഒരാളുടെ മനസ്സിൽ കവിത പിറവിയെടുക്കുന്നതിന് പല കാരണങ്ങളുമുണ്ട്. ദേശം, കാലം, പ്രായം എന്നിവയൊന്നും ഇതിനൊരു തടസ്സമാകുന്നില്ല. കവി പോലും അറിയാതെ രൂപപ്പെടുന്ന ഒന്നാണ് കവിത . ഇങ്ങനെ അവിചാരിതമായി എവിടെയോ വെച്ച് സംഭവിച്ചു പോകുന്ന ഒരു സർഗാത്മക രചനയാണ് കവിത.

**അക്കർമാശി**

സാമൂഹ്യപ്രവർത്തകനും സാഹിത്യകാരനുമായിരുന്ന ശരൺകുമാർ ലിംബാളെയുടെ കൃതിയാണ് അക്കർമാശി. തന്റെ നാട്ടിലെ ജാതി വിവേചനത്തെ കുറിച്ചും ദയനീയമായ ജന ജീവിതത്തെകുറിച്ചും ഈ കൃതിയിൽ വിശദീകരിക്കുന്നുണ്ട്. സ്വന്തം ജീവിതം തന്നെയാണ് ശരൺകുമാർലിംബാളെ അക്കർമാശി എന്ന കൃതിയിൽ അവതരിപ്പിക്കുന്നത്. ലിംബാളെയുടെ അമ്മ ദളിത് വിഭാഗത്തിലും അച്ഛൻ ബ്രാഹ്മണ വിഭാഗത്തിലും പെട്ടവരായിരുന്നു. ഒരു ദളിത് ബ്രാഹ്മണനായി ജനിച്ച അദ്ദേഹത്തിന് യാതനാപൂർണ്ണമായ അനുഭവങ്ങൾ നേരിടേണ്ടി വന്നിരുന്നു. അക്കർമാശി എന്ന പദത്തിനർത്ഥം അർധജാതി എന്നാണ്. ബാല്യം ആസ്വദിക്കേണ്ട സമയത്ത് ഭക്ഷണത്തിനു വേണ്ടി ചവറുപെറുക്കി നടക്കേണ്ടി വന്ന ദുരനുഭവം അദ്ദേഹം പങ്കുവെക്കുന്നു. മഹാർ സമുദായമായതിനാൽ ചെരിപ്പുകുത്താൻ പോലും വിസമ്മതിക്കുന്ന ചെരിപ്പുകുത്തി ജാതിവ്യവസ്ഥയുടെ നേർചിത്രമായി കാണാം. വഴിയിൽ നിന്ന് കളഞ്ഞു കിട്ടിയ രൂപ പ്രധാനാധ്യാപകനെ ഏൽപ്പിക്കുന്നതിലൂടെ ജീവിതത്തിൽ സത്യസന്ധതയുടെ സ്ഥാനമാണ് കാണുന്നത്. ദാരിദ്ര്യത്തിനിടയിലും പഠനത്തിന് നൽകിയ ഉയർന്ന സ്ഥാനവും ഇതിൽ വിശദമാക്കുന്നുണ്ട്.

**ചോദ്യങ്ങൾ :-**

1. ചപ്പുചവറുകൾക്ക് പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്ന് എനിക്ക് തോന്നി

   മിഠായി പൊതിയുന്ന കടലാസുകൾ കണ്ടാൽ എന്റെ വായിൽ വെള്ളമൂറും

– ഈ വരികളിൽ തെളിയുന്ന ലിംബാളെയുടെ ജീവിത പശ്ചാത്തലം വിശദമാകുക

**സൂചനകൾ**

- കടുത്ത ദാരിദ്ര്യം
- ദുരിതത്തിലാണ്ട ജീവിതം
- ജീവിതത്തിന് ചപ്പുചവറുകളുടെ വില പോലുമില്ല
- സമൂഹത്തിൽ പരിഗണന കിട്ടാത്ത അവസ്ഥ

2. ശരൺകുമാർ ലിംബാളെയ്ക്ക് കുട്ടിക്കാലത്തു തന്നെ വായനയിൽ താല്പര്യം ഉണ്ടായിരുന്നു എന്ന് വ്യക്തമാകുന്ന സന്ദർഭം ഏത്?

- ശാന്താ ആത്യയോടൊപ്പം കുട്ടിക്കാലത്ത് ചപ്പുചവറുകൾ പെറുക്കാൻ പോകുമ്പോൾ, ചവറുകൾ ഇളക്കി മറിക്കുന്നതിനിടയിൽ നല്ല കടലാസുകഷണം കണ്ടാൽ അവ നിവർത്തി വായിക്കുന്ന ശീലം ലിംബാളെയ്ക്ക് ഉണ്ടായിരുന്നു. ഇത് വായനയുടെ പ്രാരംഭമായി കാണാം.

3. ശാന്താ ആത്യയുടെ ജീവിത സാഹചര്യം എങ്ങനെ ആയിരുന്നു?

- ജീവിതത്തിന്റെ അരക്ഷിതാവസ്ഥ
- ഉത്തരവാദിത്തം
- അധ്വാനശീലം

4. എന്റെ സത്യസന്ധത എനിക്ക് നൽകിയ ആനന്ദം ആ മുപ്പത് രൂപയെക്കാൾ എത്രയോ വലുതായിരുന്നു

- ഈ വരികളിൽ നിന്ന് ലിംബാളെയുടെ കാഴ്ചപ്പാട് വിലയിരുത്തുക

- സത്യസന്ധത പണത്തെക്കാൾ വലുതാണ്
- സമൂഹത്തിൽ സത്യസന്ധതയ്ക്ക് ഏറെ മാന്യതയുണ്ട്
- നല്ല പ്രവൃത്തികൾ അംഗീകരിക്കപ്പെടും
- പ്രലോഭനത്തെ അതിജീവിക്കുക എന്ന കാഴ്ചപ്പാട്
- മറ്റുള്ളവർക്കിടയിൽ നിന്ന് ലഭിക്കുന്ന അഭിനന്ദനം

5 ചപൾഗാവ് ബോർഡിങ് സ്കൂളിലേക്ക് മാറിയതോടെ എന്തൊക്കെ മാറ്റങ്ങളാണ് ലിംബാളെയിൽ കാണുന്നത്?

- ദാദായുടെ നമസ്കാരചടങ്ങുകൾ കാണാനുള്ള അവസരം നഷ്ടമായി.
- സന്താമായി അംബാലക്ഷ്മി ഭഗവതിമാരെ പൂജിക്കുന്നതും പ്രാർത്ഥിക്കുന്നതും കാണാൻ പറ്റാതായി.
- ഗ്രാമത്തലവനായ കാക്കായുടെ പുരാണ പാരായണവും മന്ത്രോച്ചാരണങ്ങളും കേൾക്കുന്നത് ഇല്ലാതായി.

**രണ്ട് വാക്യമായി മാറ്റിയെഴുതുക**

ഹെഡ്മാസ്റ്റർ എന്നെ എല്ലാവരുടെയും മുമ്പിൽ വെച്ച് അഭിനന്ദിച്ചതിനു ശേഷം ഞാൻ എന്റെ ക്ലാസ്സിൽ എത്തിയപ്പോൾ ക്ലാസ്സ് ടീച്ചർ ഹീരെ മറ് ക്ലാസ്സ് തുടങ്ങിക്കഴിഞ്ഞിരുന്നു.

മാതൃക പോലെ എഴുതുക

- തീവണ്ടി - തീ കൊണ്ട് ഓടുന്ന വണ്ടി
- പഴക്കട - പഴം വിൽക്കുന്ന കട

# ഞാൻ കഥാകാരനായ കഥ

എസ്. കെ. പൊറ്റെക്കാട്ട്            (അനുഭവകുറിപ്പ് )

- സഞ്ചാരസാഹിത്യകാരൻ
- കഥാകൃത്ത്
- നോവലിസ്റ്റ്
- ജ്ഞാനപീഠ പുരസ്കാര ജേതാവ്

## പാഠസംഗ്രഹം

- ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ എസ്.കെ. പൊറ്റെക്കാട്ടിനുണ്ടായ ഒരനുഭവമാണ് പാഠഭാഗം.
- വൃദ്ധയായ ഒരു അമ്മ സ്കൂൾകുട്ടിയായ എസ്. കെ. പൊറ്റെക്കാടിനെ സമീപിക്കുകയും മകന് കത്തെഴുതാൻ തന്നെ സഹായിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അക്ഷരജ്ഞാനമില്ലാത്ത ആ അമ്മ തന്റെ ദയനീയ കഥ എസ്. കെ.പൊറ്റെക്കാട്ടിനെ പറഞ്ഞു കേൾപ്പിച്ചു.
- കഷ്ടപ്പെട്ട് പണിയെടുത്താണ് മകനെ വളർത്തിയത്.
- അവൻ വയറ് നിറച്ചുണ്ണാൻ വേണ്ടി അവർ പട്ടിണി കിടന്നു.
- അവന്റെ പഠനത്തിനുള്ള പണം കണ്ടെത്താൻ തന്റെ കയ്യിലുള്ളതെല്ലാം വിൽക്കാൻ അവർ തയ്യാറായി.
- മകൻ ഉദ്യോഗസ്ഥനായപ്പോൾ ഇതെല്ലാം മറന്നു.
- ഭാര്യയോടൊപ്പം താമസമാക്കിയ മകൻ ദരിദ്രയും വൃദ്ധയുമായ അമ്മയെ തിരിഞ്ഞു നോക്കിയില്ല.

മകന്റെ സ്നേഹക്കുറവും അവഗണനയുമാണ് തന്നെ വേദനിപ്പിക്കുന്നതെന്ന് ആ അമ്മ കണ്ണീരോടെ പറഞ്ഞപ്പോൾ എസ്. കെ യുടെ മനസ്സലിഞ്ഞു.

അവർ പറഞ്ഞ കാര്യങ്ങളെല്ലാം തന്റെ  ഭാവന കലർത്തി, മനസ്സിൽ തട്ടും വിധം എഴുതി എസ്. കെ. ആ മകന് അയച്ചുകൊടുത്തു.

ഈ കത്തുകൾ വായിച്ച് മകന്റെ മനസ് മാറി അവൻ അമ്മയ്ക്ക് പണമയക്കാൻ തുടങ്ങി,

അമ്മയെ കാണാൻ വരികയും ചെയ്തു.

തന്റെ വാക്കുകൾക്ക് മറ്റുള്ളവരുടെ മനസ്സിൽ ചലനങ്ങളുണ്ടാക്കാൻ കഴിയുമെന്ന് എസ്. കെ. തിരിച്ചറിഞ്ഞു.

ഇത് നൽകിയ ആത്മവിശ്വാസമാണ് ചെറുകഥകളെഴുതാൻ തനിയ്ക്ക് പ്രേരണയായതെന്ന് അദ്ദേഹം പറയുന്നു.

1. ***മാതൃക പോലെ എഴുതുക***

മുത്തിത്തള്ള - മുത്തിയായ തള്ള

പ്രേമാന്ധൻ - പ്രേമത്താൽ അന്ധൻ

കുടുംബക്ഷേമങ്ങൾ - കുടുംബത്തിന്റെ ക്ഷേമങ്ങൾ

2. ***പ്രയോഗങ്ങളും അർത്ഥസൂചനകളും***

അവൻ എന്നെ *കുഠം പിടിച്ച പട്ടിയെപ്പോലെ* ആട്ടിപ്പായിച്ചു.

- മകന് അമ്മയോടുള്ള അനിഷ്ടം

| കുഠം = കുഷ്ഠരോഗം |
|---|

സരസ്വതി വിലാസങ്ങൾ

- വാക്കുകൾ അർത്ഥപൂർണ്ണമായി യഥേഷ്ടം ഉപയോഗിക്കാനുള്ള കഴിവ്

- എരിവും പുളിയും ചേർത്ത് എഴുതി അയച്ചു

- അമ്മ പറഞ്ഞ കാര്യങ്ങൾ കുറേകൂടി വൈകാരികതയോടെ മകന്റെ മനസിൽ തട്ടുംവിധം അവതരിപ്പിച്ചു.

# അശ്വമേധം (കവിത )

വയലാർ രാമവർമ്മ

* ഗാനരചയിതാവ്, കവി

* തൂലിക പടവാളാക്കിയ കവി

| *മുളങ്കാട് എന്ന കൃതിയിൽ നിന്നെടുത്തതാണ് ഈ കവിത* |
|---|

**പാഠസംഗ്രഹം**

രാജാക്കന്മാർ പണ്ട് അധികാരവിസ്തൃതിക്കു വേണ്ടി കുതിരയെ അഴിച്ചു വിട്ടുകൊണ്ട് നടത്തിയ യാഗമാണ് അശ്വമേധം. ഇവിടെ കവി പുതിയൊരു അശ്വമേധത്തിന് ഒരുങ്ങുകയാണ്. തന്റെ സർഗശക്തിയാകുന്ന കുതിരയെ അഴിച്ചു വിട്ടുകൊണ്ടാണ് കവി അശ്വമേധം നടത്തുന്നത്. ലോകസംസ്കാരത്തിൽ മാറ്റം വരുത്തുകയാണ് യാഗലക്ഷ്യം.

പ്രകൃതിയോടിണങ്ങി ജീവിച്ച തന്റെ പൂർവ്വ പിതാമഹന്മാർ കോടിക്കണക്കിനു വർഷങ്ങൾക്കു മുൻപ് കാട്ടിനുള്ളിൽ വെച്ച് കണ്ടെടുത്തതാണ് ഈ കുതിരയെ. നൂറ്റാണ്ടുകളുടെ അനുഭവങ്ങളിലൂടെ നേടിയ കരുത്തുണ്ട് ഈ കുതിരയ്ക്ക്. കരുത്തനായ ഈ ചെമ്പൻകുതിര കുതിച്ചുപാഞ്ഞപ്പോൾ അതിന്റെ കുളമ്പടിയേറ്റ് എത്രയോ ഭരണകൂടങ്ങൾ നിലം പതിച്ചിട്ടുണ്ട്. ഈ കുതിരയെ തളയ്ക്കാൻ ഓരോ കാലത്തും മതപൗരോഹിത്യവും ഭരണാധികാരികളും ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ സർഗധനരായ തന്റെ പൂർവ്വികർ അങ്കം വെട്ടി ഈ കുതിരയെ വീണ്ടെടുത്തു. അവരിൽ നിന്നാണ് താൻ ഈ കുതിരയെ നേടിയത്. ഈശ്വരനോ മാന്ത്രികനോ അല്ല പച്ച മണ്ണിൽ മനുഷ്യത്വമാണ് താനെന്ന് കവി പറയുന്നു.

## പാഠവിശകലനം

1. അശ്വമേധം എന്ന കവിതയിൽ കുതിരയായി സങ്കല്പിച്ചിരിക്കുന്നത് എന്തിനെയാണ്?

മനുഷ്യന്റെ സർഗശക്തിയെ

2. എവിടെയാണ് കവി അശ്വമേധം നടത്തുന്നത്?
വിശ്വസംസ്കാരവേദിയിൽ

3. ചെമ്പൻ കുതിര എന്ന പ്രയോഗം നൽകുന്ന സൂചന എന്ത്?

❖ ചെമ്പൻ എന്നത് ചുവപ്പിനെ സൂചിപ്പിക്കുന്നു

❖ ചുവപ്പ് വിപ്ലവത്തിന്റെ നിറമാണ്

❖ കരുത്തിന്റെ പ്രത്രീകമാണ് ചെമ്പൻ കുതിര

❖ മനുഷ്യന്റെ സർഗശക്തിയുടെ കരുത്തിനെ സൂചിപ്പിക്കാൻ ചെമ്പൻ കുതിര എന്ന പ്രയോഗത്തിലൂടെ കഴിയുന്നു.

4. കോടി കോടി പുരുഷാന്തരങ്ങളിൽ കൂടിനേടിയതാണതിൻ സിദ്ധികൾ

ഈ വരികൾ നൽകുന്ന ആശയമെന്ത്?

❖ മനുഷ്യന്റെ സർഗശേഷിയുടെ പ്രകടനം ആദിമ മനുഷ്യൻ വരച്ച ഗുഹാചിത്രങ്ങളിലും അവർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളിലും നിന്ന് തുടങ്ങുന്നു.

❖ ഇന്ന് അന്യഗ്രഹങ്ങളിലേക്ക് സഞ്ചരിക്കാൻ വരെയുള്ള പ്രാപ്തി മനുഷ്യൻ കൈവരിച്ചു.

5. 'വെട്ടി വെട്ടി പ്രകൃതിയെ മല്ലിട്ടു വെറ്റി നേടിയതാണതിൻ സിദ്ധികൾ '

പ്രകൃതിയെ മല്ലിട്ടുനേടിയതാണ് സർഗശേഷിയുടെ സിദ്ധികൾ എന്ന് പറയുന്നതിന്റെ പൊരുൾ എന്ത്?

❖ ആദിമ മനുഷ്യർക്ക് ഒട്ടേറെ പ്രതിസന്ധികളെ തരണം ചെയ്യേണ്ടി വന്നിട്ടുണ്ട്

❖ അവർക്ക് നാഗരിക സംസ്കാരം പടുത്തുയർത്താൻ പ്രകൃതിയോട് മല്ലിടേണ്ടി വന്നു.

6. 'കാട്ടുപുൽത്തണ്ടു നൽകി വളർത്തി മുത്തശ്ശിമാർ'

കാട്ടുചോലകൾ പാടിയ പാട്ടുകൾ ഏറ്റു പാടിപ്പഠിച്ച മുത്തശ്ശിമാർ

ഈ വരികൾ നൽകുന്ന അർത്ഥസൂചനകൾ എന്തൊക്കെ?

❖ കവിയുടെ പൂർവ്വികർ പ്രകൃതിയുടെ താളം അറിഞ്ഞവരായിരുന്നു.

❖ പ്രകൃതയോടിണങ്ങിയാണ് അവർ ജീവിച്ചത്

7. 'എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കൂണുകൾ
അക്കുളടമ്പടിയേറ്റേറ്റു വീണുപോയ് -
അത്രയേറെ ബ് ഭരണകൂടങ്ങളും.

ഈ വരികൾ നൽകുന്ന അർത്ഥസൂചനകൾ എന്ത്?

❖ കൊറ്റക്കുടകൾ അധികാരത്തിന്റെ ചിഹ്നമാണ്

❖ മനുഷ്യത്വത്തെ ചവിട്ടി മെതിച്ചുകൊണ്ട് പടുത്തുയർത്തിയ ഭരണകൂടങ്ങളെ നിലം പരിശാക്കാൻ മനുഷ്യന്റെ സർഗശേഷിയ്ക്ക് കഴിഞ്ഞു.

8. 'പണ്ടുദൈവം കടിഞ്ഞാണുമായ് വന്നു
കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ
പിന്നെ രാജകീയോന്മത്തസേനകൾ
വന്നു നിന്നു പടപ്പാളയങ്ങളിൽ.'

**ആശയം കുറിക്കുക**

❖ ആദ്യകാലത്ത് കവിത ദൈവസ്തുതികളായി മാത്രം നിലകൊണ്ടു

❖ പിന്നീട് രാജാക്കന്മാരെസ്തുതിച്ചു പാടാൻ കവിതയെ ഉപയോഗിച്ചു

9. 'ആഗമതത്ത്വവേദികൾ വന്നുപോൽ
യോഗദണ്ഡിലിതിനെ തളയ്ക്കുവാൻ'

**അർത്ഥസൂചന എന്ത്?**

❖ വേദങ്ങളിൽ പാണ്ഡിത്യം നേടിയവർ എന്നാണ് ആഗമതത്ത്വവേദികൾ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്

❖ കലയും, സാഹിത്യവും ഒരു കാലഘട്ടത്തിൽ ബ്രാഹ്മണരുടെ അധീനതയിലായിരുന്നു

10. "എന്റെ പൂർവികർ അശ്വഹൃദയജ്ഞർ എന്റെ പൂർവികർ വിശ്വവിജയികൾ"

**– ഈ വിശേഷണത്തിന്റെ ഔചിത്യമെന്ത്?**

❖ അശ്വഹൃദയ മന്ത്രം അറിയുന്നവർക്ക് കുതിരയെ അതിവേഗത്തിൽ പായിച്ച് ലക്ഷ്യത്തിലെത്തിക്കാൻ കഴിയും.

❖ തന്റെ പൂർവ്വികർക്ക് സർഗശേഷിയെ മാനവ പുരോഗതിക്കായി ഉപയോഗിക്കാൻ സാധിച്ചു.

11. നേടിയതാണവരോടു ഞാനെന്നിൽ
നാടുണർന്നൊരു നാളീകുതിരയെ

– അടിവരയിട്ട ഭാഗം നൽകുന്ന അർത്ഥസൂചന എന്ത്?

❖ ഈ യുഗത്തിന്റെ സാമൂഹ്യ ശക്തിയാണ് താൻ എന്ന് കവി പ്രഖ്യാപിക്കുന്നു

❖ കാലഘട്ടത്തിന് കരുത്തേകാൻ സർഗശക്തിയ്ക്ക് കഴിയുമെന്ന് കവി വിശ്വസിക്കുന്നു

❖ സാമൂഹ്യമാറ്റത്തിന് കലയും സാഹിത്യവും കാരണമാകുന്നു.

12. ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ

- അർത്ഥസൂചന എന്ത്?

❖ താൻ സാധാരണ മനുഷ്യനാണെന്നും, തനിയ്ക്ക് അത്ഭുതസിദ്ധികളൊന്നും ഇല്ലെന്നും കവി പ്രഖ്യാപിക്കുന്നു

❖ അധ്വാനിക്കുന്ന ജനവിഭാഗങ്ങളോടൊപ്പമാണ് താൻ എന്നുള്ള കവിയുടെ പ്രഖ്യാപനം കൂടിയാണ് ഈ വരികൾ

13. വിഗ്രഹിക്കുക

ദ്വിഗ്വിജയം - ദിക്കുകളുടെ വിജയം

കാട്ടുചോല - കാട്ടിലെ ചോല

സംസ്കാരശില്പികൾ - സംസ്കാരത്തിന്റെ ശില്പികൾ

14. പിരിച്ചെഴുതുക

ദ്വിഗ്വിജയം- ദിക് + വിജയം

വിട്ടയയ്ക്കുന്നു - വിട്ട് + അയയ്ക്കുന്നു

ആരൊരാൾ - ആര്+ഒരാൾ

മായുകില്ല - മായുക+ഇല്ല

**കൂടുതൽ ചോദ്യങ്ങൾ**

1. ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ ?
ഈ വരികളിലെ കാവ്യപരമായ സവിശേഷതകൾ കുറിക്കുക.

2. കോടി കോടി പുരുഷാന്തരങ്ങളിൽ -
ക്കൂടി നേടിയതാന്നതിൻ സിദ്ധികൾ.
മനുഷ്യന്റെ സർഗശേഷിയുടെ എന്ത് സവിശേഷതയാണ് ഈ വരികളിൽ തെളിയുന്നത്?

3. ഘടകപദങ്ങളാക്കുക

* എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്ത്, ഒരു, ഉന്മേഷം, ആണ്, അതിൻ, കൺകളിൽ

* ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആര്, ഒരു, ആൾ, എൻ, കുതിരയെ, കെട്ടുവാൻ

## സുഭാഷ് ചന്ദ്രൻ – പത്രപ്രവർത്തകൻ, കഥാകൃത്ത്, നോവലിസ്റ്റ്

### കലകൾ കാവ്യങ്ങൾ – ഉരുളക്കിഴങ്ങു തിന്നുന്നവർ

കലകളും സാഹിത്യവും ജീവിതത്തെ അടയാളപ്പെടുത്തുന്നു. കലകളെല്ലാം ജീവിതത്തെ കൂടുതൽ സുന്ദരവും ആകർഷകവുമാക്കുന്നു.

വിൻസെന്റ് വാൻഗോഗ് എന്ന ഡച്ച് ചിത്രകാരൻ വരച്ച ചിത്രമാണ് ഉരുളക്കിഴങ്ങു തിന്നുന്നവർ.

യൂറോപ്പിൽ നിലനിന്നിരുന്ന ദാരിദ്ര്യവും തൊഴിലില്ലായ്മയും ജീവിതത്തിന്റെ ദൈന്യവും അവതരിപ്പിച്ച ചിത്രമാണിത്. ചിത്രകലയിലെ ക്ലാസിക്കുകളിൽ ഒന്നായ ഈ ചിത്രത്തെ ഒരു കഥയാക്കി മാറ്റിയിരിക്കുകയാണ് സുഭാഷ് ചന്ദ്രൻ.

ഖനിയപകടത്തിൽ കാണാതായ മകനെ അന്വേഷിച്ച് പോകുകയാണ് അച്ഛൻ കിഴവൻ മിറൽ

അയാളുടെ തിരിച്ചു വരവിൽ തന്റെ വീട് പരിചിതമല്ലാതായി തീരുന്നു.

കിഴവൻ മിറലിന്റെ രൂപവും ഭാവവും ചുറ്റുപാടുകളും അദ്ദേഹത്തിന്റെ ദുഃഖത്തിന്റെ തീവ്രത വിളിച്ചോതുന്നു.

❖ അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ചു വേച്ചു നടന്നു.

❖ മരവിച്ച വെളിച്ചം എന്ന പ്രയോഗത്തിലൂടെ (തന്റെ മകന്റെ വേർപാട് – മരണത്തിന്റെ മരവിപ്പ് )

മരണം ഉണ്ടാക്കുന്ന വേദനയും മൂകതയും സൂചിപ്പിക്കുന്നു.

❖ അത് വ്യക്തികളിലേക്കും ചുറ്റുപാടുകളിലേക്കും വ്യാപിക്കുന്നു.

❖ വീടിനു നേരെയുള്ള ചെളിയിടവഴിയിലേക്ക് അയാൾ തിരിഞ്ഞു.

ചെളിയിടവഴി എന്ന പ്രയോഗത്തിലൂടെ കിഴവൻ മിറലിന്റെയും കുടുംബത്തിന്റെയും ദൈന്യത വെളിപ്പെടുത്തുന്നതിന് സാധിക്കുന്നു.

## ഉരുളക്കിഴങ്ങ് തിന്നുന്നവൻ

❖ മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റ ബിന്ദു.ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു.

\- അരണ്ട എണ്ണ വിളക്കിന്റെ വെളിച്ചം മാത്രമാണ് വീട്ടിലുള്ളത്. ദൂരെ നിന്ന് കാണുമ്പോൾ കറുത്ത ശവപേടകത്തിൽ വെളുത്ത പൂവെച്ചതുപോലെ അത് തോന്നിച്ചു. മിറൽ ഉള്ളിൽ സൂക്ഷിച്ച മരണവാർത്ത ആ വീടിനെ ഒരു ശവകുടീരമാക്കി മാറ്റിയിരിക്കുന്നു.

❖ ഇടം വലം ഉലഞ്ഞ് വീട് അടുത്തു വന്നു...

മകൻ നഷ്ടമായതിന്റെ വേദനയും പ്രായാധിക്യവും ദാരിദ്ര്യവും കൂടി ചേർന്ന് മനസ്സ് ഉറപ്പിച്ചു നിർത്താൻ കഴിയാത്ത മിറലിന്റെ അവസ്ഥയാണ് ഇവിടെ സൂചിപ്പിക്കുന്നത് .

❖ ഭാവിയെക്കുറിച്ചുള്ള അസ്ഥിരവും അസ്വസ്ഥവുമായ ചിന്തയും കുഴമണ്ണിൽ കൈകാലുകൾ പുതയുമ്പോഴുണ്ടാകുന്ന യാത്രാ ക്ലേശവും സൂചിതമാകുന്നു.

❖ ഖനികളിൽ നിന്ന് ഭംഗിയുള്ള ഈസ്റ്റർ മുട്ടകളാണ് കുഴിച്ചെടുക്കുന്നതെന്ന്...

വ്യത്യസ്ത വർണങ്ങളിൽ ഈസ്റ്ററിന് വെയ്ക്കുന്ന മുട്ടകൾ പ്രതീക്ഷയുടെ പ്രതീകമാണ്. യേശുവിന്റെ ഉയർത്തെഴുന്നേൽപ് ഒരു നാടിന്റെ പ്രതീക്ഷയാണെന്നതുപോലെ മിറലിന്റെ കുടുംബത്തിന്റെയും വായനക്കാരന്റെയും ഉള്ളിൽ, നഷ്ടപെട്ട മകൻ തിരിച്ചു വരുമെന്ന പ്രതീക്ഷ നൽകാൻ ഈസ്റ്റർ മുട്ടകൾ എന്ന പ്രയോഗത്തിന് സാധിക്കുന്നു.

## ഉരുളക്കിഴങ്ങ് തിന്നുന്നവൻ

❖ സുപരിചിതമായ വീടും പരിസരവും പെട്ടെന്ന് മിറലിന് അപരിചിതമായി തോന്നി....

- മകന്റെ മരണം അറിഞ്ഞു വരുന്ന അച്ഛന്റെ മാനസിക സംഘർഷം

❖ ജൂലിയാനയുടെ അമിതാകാംക്ഷ കൊണ്ട് വിളർത്ത നിഴൽ മുഖം

- വിളർത്ത നിഴൽ മുഖം എന്ന പ്രയോഗം ജൂലിയാന അനുഭവിക്കുന്ന ദുഃഖത്തെ സൂചിപ്പിക്കുന്നു. മകനെ തേടി പോയ മിറൽ വീട്ടിലെത്തിയപ്പോൾ തന്റെ ഭർത്താവിന്റെ വിവരം അറിയാനുള്ള വ്യഗ്രതയാൽ അവളുടെ മുഖത്ത് ദുഃഖത്തിന്റെ നിഴൽ വീഴുന്നു.

❖ ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.

ജൂലിയാനയുടെ ചോദ്യത്തിനു മുന്നിൽ പ്രതികരിക്കാനാവാതെ പകച്ചു നിൽക്കുന്ന മിറലിന്റെ മാനസികാവസ്ഥ സൂചിപ്പിക്കാൻ തീക്കനൽ എന്ന പ്രയോഗത്തിനു സാധിക്കുന്നു.

❖ മണ്ണിനടിയിൽ ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞു പറിഞ്ഞ്....

മകന്റെ ദാരുണമായ അന്ത്യത്തെ സൂചിപ്പിക്കുന്നു. ഈ സന്ദർഭം.

ഖനിയിലകപ്പെട്ട മകന്റെ രൂപവും ചതഞ്ഞ് തൊലി പൊട്ടി വികൃതമായ ഉരുളക്കിഴങ്ങും മിറലിന് ഒരുപോലെ തോന്നുന്നു. മേശപ്പുറത്ത് പ്ലേറ്റിൽ വച്ച ഉരുളക്കിഴങ്ങ് നൽകുന്ന ഓർമ്മകൾ വേദനാജനകമാകുന്നു.

❖ ഈർച്ച മില്ലുകളെപ്പോലെ ശബ്ദിച്ച ഇരുട്ടിലെ ചീവിടുകളുടെ സ്വരം പൊടുന്നനെ മുറിഞ്ഞു.

ഈർച്ചമില്ലുകളുടേതു പോലെയാണ് ചീവിടുകളുടെ ശബ്ദം. ഇതു രണ്ടും മനസിന് അസ്വസ്ഥതയുണ്ടാക്കുന്നു.

❖ ആ നിമിഷം ചുമരിലെ ഘടികാരത്തിൽ നിന്ന് തുള്ളി തുള്ളികളായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.

ദുഃഖത്തിൽ മൗനം തളംകെട്ടി നിൽക്കുന്ന ആ വീട്ടിൽ ഘടികാരം സവിശേഷമായ അർത്ഥമുള്ള പ്രതീകമാണ്. ജൂലിയാന അനുഭവിക്കുന്ന ആത്മസംഘഷത്തിന്റെ ഭാരം ഈ പ്രയോഗത്തിലുണ്ട്. സമയം ഇഴഞ്ഞുപോകുന്നതായി അവൾക്ക് അനുഭവപ്പെടുന്നു.

- ❖ ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറങ്ങു പോകുന്നതായി ജൂലിയാന അറിഞ്ഞു.
- ❖ ഭർത്താവിന്റെ വേർപാട് സൃഷ്ടിച്ച കനത്ത ദുഃഖം ജൂലിയാനയുടെ ജീവിതത്തിന് മരവിപ്പുണ്ടാക്കി. മുന്നോട്ട് പോകാൻ കഴിയാത്ത വിധം ചലനമറ്റു പോയി.
- ❖ മിറലിന്റെ കുടുംബത്തിന്റെ ദാരിദ്ര്യാവസ്ഥ സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ

  - വീടിന് നേരെയുള്ള ചെളിയിടവഴി
  - ആണി പറിഞ്ഞു നിലംപൊത്താറായ മേശ
  - കൂറമണം കലർന്ന കുപ്പായം
  - മണ്ണെണ്ണ വിളക്ക്
  - നന്നേ താഴ്ന്ന മേൽക്കൂരയുള്ള, വർഷങ്ങളുടെ മാറാലയും അഴുക്കും ദുഃഖവുമടിഞ്ഞ് മ്ലാനമായ ചുമരുകൾ
  - ഭാരം അസഹനീയമായപ്പോൾ ശബ്ദിക്കുന്ന കസേര
  - വിള്ളലുകൾ വീണ കവിടിക്കപ്പുകൾ
  - അഞ്ചുപേർക്കിരിക്കാൻ നാലുകസേരകൾ
  - ആകെ കഴിക്കാനുള്ളത് ഉരുളക്കിഴങ്ങു മാത്രം
- ❖ കഥാപാത്ര നിരൂപണം

  മിറൽ

  - മകനിൽ പ്രതീക്ഷയർപ്പിച്ച അച്ഛൻ
  - മകന്റെ തിരോധാനം കൊണ്ട് തകർന്നവൻ
  - വാർദ്ധക്യവും രോഗവും അവശമാക്കിയ ശരീരം
  - നിസ്സഹായൻ
  - ജീവിത സാഹചര്യം

## മൈക്കലാഞ്ജലോ മാപ്പ്

ലോകത്തിലെ മഹത്തായ കലാസൃഷ്ടികളിലൊന്നാണ് മൈക്കലാഞ്ജലോയുടെ ലാ പിയത്ത . മയക്കു മരുന്നിന്റെ ഉന്മാദം ബാധിച്ച ഒരു ചെറുപ്പക്കാരൻ ഈ ശിൽപ്പത്തിനുനേരെ നടത്തിയ ആക്രമണത്തെപ്പറ്റിയുള്ള പത്രവാർത്തയിൽ നിന്നു രൂപപ്പെട്ടതാണ് ഒ എ ൻ വി കുറുപ്പിന്റെ മൈക്കലാഞ്ജലോ മാപ്പ് എന്ന കവിത.

കുരിശിൽ തറയ്ക്കപ്പെട്ടതിനുശേഷം താഴെയിറക്കിയ ക്രിസ്തുവിന്റെ മൃതദേഹത്തെ മടിയിൽ കിടത്തി വിലപിക്കുന്ന കന്യാമറിയത്തെ അവതരിപ്പിക്കുന്നതാണ് പിയത്ത എന്ന മഹത്തായ ശിൽപം.

പിയത്ത :- ദയ, കരുണ

❖ 'സൂര്യ ശിലയായി തീർന്നോരമ്മ'

- കുരിശിൽ നിന്നിറക്കിയ മകന്റെ ചേതനയറ്റ ശരീരം ഏറ്റുവാങ്ങിയ അമ്മയുടെ അവസ്ഥയാണ് ഇവിടെ സൂചിപ്പിക്കുന്നത്  ദുഃഖം ഘനീഭവിച്ച് ശിലയായി മാറിയ അമ്മയുടെ രൂപമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

❖ ഒരു വെൺ ലില്ലിപ്പൂവിൻ ശോണരേഖകൾ പോലെ

- യേശുദേവന്റെ ചേതനയറ്റ ശരീരം വാടിയ ലില്ലിപ്പൂവ് പോലെ അമ്മയുടെ മടിയിൽ കിടക്കുകയാണ്. വെളുത്ത ലില്ലി പൂക്കൾ യേശുദേവന്റെ വിശുദ്ധിയെയും വെൺമയേയും ശോണരേഖകൾ യേശുദേവന്റെ ശരീരത്തിലെ ചോരപ്പാടുകളെയും സൂചിപ്പിക്കുന്നു .

❖ പാഴ്ചിപ്പി

- മുത്ത് നഷ്ടപ്പെട്ട ചിപ്പി
  മുത്ത് -യേശുദേവൻ
  ചിപ്പി -മാതാവ്

❖ മുത്ത് നഷ്ടപ്പെട്ട ചിപ്പിയുടെ അവസ്ഥയാണ് മകൻ നഷ്ടപ്പെട്ട അമ്മയുടേത്. വിലപിടിപ്പുള്ള മുത്ത് നഷ്ടപ്പെടുമ്പോൾ ചിപ്പി ഒരു പാഴ്ചിപ്പിയായി മാറുന്നു.  യേശുവിനെ നഷ്ടപ്പെട്ട അമ്മയുടെ നിസ്സഹായാവസ്ഥയാണ് ഇവിടെ കാണിക്കുന്നത്.

❖ കണ്ണില്ലെനിക്ക്, കൈയില്ല , ഞാനില്ലാതായ്

- ശില്പഭഞ്ജകന്റെ മുന്നിൽ ഒന്നും ചെയ്യാൻ കഴിയാതെ നിസ്സഹായനായി നിൽക്കുന്ന കവിയും സമൂഹവും.

❖ 'ഭൂമിക്കൊപ്പം അഴിലിൻ ചുമടുമായിരിക്കുമൊരമ്മയെ'

- സർവ്വംസഹയായ  ഭൂമിയെപ്പോലെ ദുഃഖഭാരം ചുമക്കുന്ന അമ്മയെ ചിത്രീകരിച്ചിരിക്കുന്നു .

❖ നിർനിദ്രമാം നിന്റെ രാവുകൾ വിയർത്തുരുകും പകലുകൾ പങ്കിടുന്നു ഞാൻ .

  സൃഷ്ടിയുടെ സമയത്ത് ശില്പി അനുഭവിച്ച വേദനകൾ കവിതയെഴുതുന്ന സമയത്ത് അനുഭവിക്കുന്നുവെന്ന് ഒ എൻ വി  തിരിച്ചറിയുന്നു .

❖ 'ചുറ്റികയൊരുകരി -

  വണ്ടുപോൽ ചുറ്റിപ്പറ -

  ന്നുളിതൻ നിറുകയിൽ

  ചുംബിക്കും ഹർഷോന്മാദ -

  സീൽക്കാരം'

- ശില്പിയുടെ കരവിരുതിനാൽ വിടരുന്ന പൂവാണ് ശില്പം. ആ പൂവാകുന്ന ശില്പത്തിനുമേൽ മൂളിപ്പറക്കുന്ന കരിവണ്ടായി ചുറ്റികയെ കല്പിച്ചിരിക്കുന്നു. ശില്പിയുടെ മനോധർമ്മത്തിനനുസരിച്ച് ശില്പത്തിന് ജീവൻ നൽകുന്നത് ഈ ചുറ്റികയാണ്. ശിൽപിയുടെ സർഗാത്മകതയുടെ സൗന്ദര്യം വെളപ്പെടുത്തുന്നതാണ് ഈ വരികൾ.

❖ ദയാർദ്രതയുടെ വെളുത്ത കൈത്താമര

- യേശുവിന്റെ വെളുത്തതും വിശുദ്ധവുമായ കൈകളെയാണ് ഇവിടെ സൂചിപ്പിക്കുന്നത് .

❖ നിഷാദ നിർത്തൂ

- അധർമ്മത്തിനെതിരെയുള്ള ആദിമ കവിവാക്യം ഓർമിപ്പിക്കുന്നു .ശില്പം തകർത്ത യുവാവിന്റെ പ്രവൃത്തി കാട്ടാളത്തമാണ് .

- പ്രതികരണ ശേഷി നശിച്ച യുവതലമുറയോടുള്ള കവിയുടെ പ്രതിഷേധം .

❖ അവന്നു ചുറ്റും ബിംബഭഞ്ജക പരിവേഷമണിയിക്കുവാനേതോ ക്യാമറ കൺചിമ്മുന്നു

- അധർമ്മം ചെയ്തവനെ വാഴ്ത്തുന്ന മാധ്യമങ്ങളോടും സമൂഹത്തോടുമുള്ള കവിയുടെ വിയോജിപ്പ്.

❖ മാപ്പിവർ ചെയ്യുന്നതെന്തെന്നിവരറിവീല

- തന്റെ കാലത്താണ് ഇത് നടന്നതെന്ന അപമാനം കവിയ്ക്കുണ്ട്
- ശിൽപം തകർക്കപ്പെട്ടതിലെ വ്യവസനവും, സാംസ്കാരിക പൈതൃകങ്ങൾ നശിപ്പിക്കപ്പെടുന്നതിലുള്ള വേദനയും .

❖ മൂകസങ്കടം പോലെയമ്മയിരിപ്പൂ

- മൂക സങ്കടം :-മൂകമായ സങ്കടം

- മകൻ നഷ്ടപെട്ട അമ്മയുടെ വേദന

- കരയാനോ പറയാനോ കഴിയാതെ നിശ്ചലമായിത്തീർന്ന അമ്മയുടെ അവസ്ഥ .

* കാവ്യഭംഗികണ്ടെത്തുക.

നിന്റെ സംഗീതം നിന്റെ
കണ്ണീരുമുറഞ്ഞുയി
രാർന്നൊരീ പിയത്തയെ
എന്നുള്ളിലെടുത്തതി
ഭദ്രമായിരുത്തി ഞാൻ

* വളരെക്കാലത്തെ തപസ്യയിലൂടെ മൈക്കാലാഞ്ജലോ സൃഷ്ടിച്ചതാണെന്ന് പിയത്ത എന്ന ശില്പം.

* രാപലുകൾ മറന്ന അധ്വാനത്തിന്റെ ഫലം.

* ഊണും ഉറക്കവുമുപേക്ഷിച്ച് സാക്ഷാത്കരിച്ച സർഗവേദനയുടെ പരിസമാപ്തി.

* ശില്പിയുടെ അതേ അനുഭൂതിയിലൂടെ സഞ്ചരിക്കാൻ കവിയ്ക്ക് കഴിയുന്നു.

ഇന്നലെവെറും ജഡ
ശിലയായിരുന്നതിൽ
നിന്നു നീ കരുണ തൻ
ഭാവഗാനത്തെ തൊട്ടു
തൊട്ടുണർത്തവേ.

* ശില്പിയുടെ കൈകളിലെത്തുന്ന ജഡശിലയാണ് അദ്ദേഹത്തിന്റെ സർഗവൈഭവത്താൻ മനോഹരമായ ശില്പമായി മാറുന്നത്.

* മൈക്കലാഞ്ജലോ എന്ന ലോക പ്രശസ്ത ശില്പിയുടെ കൈകളിലെത്തിയ വെണ്ണക്കല്ലിനെയാണ് പിയത്ത എന്ന ശില്പമാക്കി മാറ്റിയത്.

പിരിച്ചെഴുതുക.

കൈത്താമര - കൈ+താമര

വിഗ്രഹിച്ചെഴുതുക.

കൈകളാകുന്ന താമര

## അധിക ചോദ്യങ്ങൾ

- അരികിൽ വന്നു നിന്നതാരെ, ന്തഭിമതം?

  <u>അഖിലമാശുചൊൽക</u>

  അടിവരയിട്ട ഭാഗം പുഷ്കരന്റെ ഏതു മനോഭാവമാണ് വ്യക്തമാക്കുന്നത്?

- 'ബഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും'

  ബാഹുജൻ എന്ന പദത്തിന്റെ അർത്ഥം എന്ത്?

- പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു.

  'പുഷ്കരാ' നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ

  ഈ രണ്ട് സന്ദർഭങ്ങളിലും പഴുതേ എന്ന പദത്തിനുള്ള അർത്ഥ വ്യാപ്തികണ്ടെത്തി എഴുതുക.

- നളനും നീയും ഭേദമെന്തിവിടെ

  കലി ഇപ്രകാരം ചോദിക്കുന്നതിന്റെ ഉദ്ദേശ്യം എന്ത്?

- കലി സ്വയം പരിചയപ്പെടുത്താൻ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗങ്ങൾ ഏതൊക്കെ? ഇത് കാവ്യഭാഗത്തിനു നൽകുന്ന ആസ്വാദ്യത വ്യക്തമാക്കുക.

- 'തസ്യനാടു ഞാൻ തേ തരുന്നു'

  കലി പുഷ്കരനോട് ഇപ്രകാരം പറഞ്ഞത് മനപ്പൂർവ്വമാണോ?

  വിശകലനം ചെയ്ത് കുറിപ്പെഴുതുക

- 'വൈരി വൈരസേനിക്കിഹ ഞാൻ കലി'

  വൈരസേനി എന്ന് ഇവിടെ സൂചിപ്പിക്കുന്നത് ആരെയാണ്?

- പ്രലോഭനം എന്ന പാഠഭാഗം വിശകലനം ചെയ്ത് കലി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത്. കുറിപ്പ് തയ്യാറാക്കുക

- പുഷ്കരനെ കവി ജളൻ എന്ന് വിശേഷിപ്പിച്ചതിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പെഴുതുക

- വയോവീര്യോത്സാഹം എന്നതിനെ ഘടക പദങ്ങളാക്കി എഴുതുക.

- അങ്ങനെ വല്ലപാടും വിജയംനേടിയ പാണ്ഡവർ സന്ധ്യയ്ക്ക് ജയഘോഷത്തോടെ കൂടാരങ്ങളിലേക്കു തിരിച്ചു. ഇവിടെ പാണ്ഡവരുടെ വിജയത്തെ 'വല്ലപാടും നേടിയ വിജയ'മെന്ന് കുട്ടികൃഷ്ണമാരാര് വിശേഷിപ്പിച്ചത് എന്തുകൊണ്ടാവാം?

  നിങ്ങളുടെ അഭിപ്രായം കുറിക്കുക

- ഇന്ന് ഞാൻ സർവ്വ പാഞ്ചാലരേയും വാസുദേവൻ കാണെത്തന്നെ <u>കാലനൂർ പൂകിക്കും</u>

  അടിവരയിട്ട പദത്തിന്റെ ആശയമെന്ത്?

- ആ ഹൃദയോന്നതിയ്ക്കു മുന്നിൽ ആ ആഭിജാത്യത്തിനു മുന്നിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും?

  ദുര്യോധനന്റെ ഹൃദയോന്നതിയ്ക്കു ഉദാഹരണമായി നിരൂപകൻ ചൂണ്ടിക്കാട്ടുന്നത് എന്ത്?

- 'തോൽവികളും, തകർച്ചകളും, നഷ്ടങ്ങളും, അപമാനങ്ങളും സഹിച്ച് ഇങ്ങനെ ജീവിതം തുടരുന്നതിൽ എന്തർത്ഥമാണുള്ളത്?'

  ആത്മാവിന്റെ വെളിപാടുകൾ എന്ന പാഠഭാഗത്ത് തെളിയുന്ന ദസ്തയേവസ്കിയുടെ ജീവിതാവസ്ഥയെകുറിച്ച് കുറിപ്പ് തയ്യാറാക്കുക

- നഗരചത്വരം കടന്നുപോകുമ്പോൾ <u>ആകാശത്തിന്റെ അടി വിളറിത്തുടങ്ങുന്നത്</u> ദസ്തയവ്സ്കി കണ്ടു.

  *അടിവരയിട്ട ഭാഗം നൽകുന്ന അർത്ഥസൂചനയെന്ത്?*

- ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്.

  ദസ്തയെവസ്കിയുടെ ഈ വാക്കുകൾ പുതിയ തലമുറയ്ക്ക് നൽകുന്ന സന്ദേശമെന്ത്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- 'അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി.'

  സ്കൂൾകുട്ടി ആയിരുന്ന എസ്.കെ. പൊറ്റക്കാട്ടിന് അഭിമാനം തോന്നിയ സന്ദർഭം ഏതായിരുന്നു. ?

  ഞാൻ കഥാകാരനായ കഥ എന്ന പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പെഴുതുക.

- അർത്ഥവ്യത്യാസംവരാതെ ഒറ്റവാക്യമാക്കുക.

  അയാൾ വിഷാദത്തോടെ അകലെ നോക്കി മിണ്ടാതെ നിന്നു.

  അയാൾ എന്തോ ആലോചനയിൽ മുഴുകി മിണ്ടാതെ നിന്നു.

- തന്റെ പൂർവ്വികരായ കവികളെ 'യുഗങ്ങൾ തൻ ഗായകർ' എന്ന് കവി വിശേഷിപ്പിച്ചത് എന്തുകൊണ്ടാവാം? നിങ്ങളുടെ അഭിപ്രായം കുറിക്കുക.

- 'അശ്വമേധം' എന്ന കവിതയിൽ മനുഷ്യന്റെ സർഗ്ഗശേഷിയുടെ എന്തെല്ലാം സവിശേഷതകളെകുറിച്ചാണ് കവി സൂചിപ്പിക്കുന്നത്?

SET- I

# മാതൃകാചോദ്യപേപ്പർ 2016 -17
# മലയാളം
## കേരളപാഠാവലി

സ്റ്റാന്റേർഡ്: X

സമയം: 90 മിനിറ്റ്
സ്കോർ: 40

**പൊതുനിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. താഴെ തന്നിരിക്കുന്നവയിൽനിന്ന് കഥകളിയുമായി ബന്ധപ്പെടാത്ത ശൈലി കണ്ടെത്തിയെഴുതുക.

   എ) കഥയറിയാതെ ആട്ടം കാണുക. ബി) ധനാശി പാടുക. സി) ശ്ലോകത്തിൽ കഴിക്കുക

   ഡി) അങ്കവും കാണാം താളിയും ഒടിക്കാം. 1

2. അയാൾ മുറിക്കകത്തേക്ക് സാവധാനം കടന്നിരുന്നു
   നാട്ടുകാർ ഓടിക്കൂടിയപ്പോഴേക്കും അക്രമി അവിടെ നിന്നു കടന്നിരുന്നു.

   അടിവരയിട്ട പദത്തിന് വരുന്ന അർത്ഥവ്യത്യാസം കണ്ടെത്തി എഴുതുക 1

3. "എയ്ക്കി പിടിയില്ല"-വെള്ളായിയപ്പൻ പറഞ്ഞു. "കടലാശില് എന്താണ്

   എഷ്തിക്കെട്ക്ക്ണത്, ആവോ?"
   വരികളിൽ തെളിയുന്ന വെള്ളായിയപ്പന്റെ അവസ്ഥ എന്ത്?
   എ. നിർമമത, ബി. നിരക്ഷരത, സി. നിസ്സംഗത ഡി. നിസ്സഹായത 1

4. എഴുത്തുകാരുടെ ജീവിതനിരീക്ഷണം അവരുടെ കൃതികളിൽ തെളിഞ്ഞു കാണാം.

   അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് എടുത്ത് എഴുതുക.

   എ. ജീവിതവും നിരീക്ഷണവും ബി. ജീവിതത്തിലെ നിരീക്ഷണം
   സി. ജീവിതമാകുന്ന നിരീക്ഷണം ഡി. ജീവിതത്തെക്കുറിച്ചുള്ള നിരീക്ഷണം 1

5 "നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം"

ഈവരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം കണ്ടെത്തുക. 2

6 " വൈരി വൈരസേനിക്കിഹ ഞാൻ കലി,
തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ
തേ തരുന്നു..."
പ്രലോഭനം എന്ന ശീർഷകത്തിന് ഈ വരികൾ എത്രമാത്രം ഇണങ്ങുന്നുണ്ടെന്ന് പരിശോധിക്കുക. 2

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക ഓരോന്നിനും 4 സ്കോർ വീതം**

7. "ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം?"
   ദുര്യോധനന്റെ ഈ വാക്കുകളിൽ തെളിയുന്ന മനോഭാവമെന്ത്?
   വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

8. "കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ"

-പൂന്താനം

"വഹ്നിസന്തപ്തലോഹസ്താംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"

-എഴുത്തച്ഛൻ

വരികളിലെ ആശയം, ഭാഷ മുതലായവ പരിഗണിച്ച് താരതമ്യക്കുറിപ്പ് തയാറാക്കുക.

9. "ധീരനായ യതി നോക്കി തന്വിതൻ-
ഭൂരിബാഷ്പപരിപാടലം മുഖം,
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ-
ധാരയാർന്ന പനിനീർസുമോപമം"

വരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം പരിശോധിക്കുക.

10 "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരംകൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല.'' ഈ വാക്യത്തിലൂടെ വെളിവാകുന്ന മെത്രാന്റെ സ്വഭാവ സവിശേഷതയെന്ത്?

11 "ഈ പ്രസ്താവന കാനൽ ജലം പോലെ ഒടുവിൽ എനിക്ക് വിഷാദത്തിന് ഇടയാകാതെ ഇരുന്നാൽ കൊള്ളാമായിരുന്നു." ഈ പ്രസ്താവനയുടെ പൊരുളെന്ത്?

12 " ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ'

ഈ വരികളിൽ തെളിയുന്ന കവിയുടെ ജീവിതദർശനം പാഠഭാഗവുമായി ബന്ധപ്പെടുത്തി ലഘുകുറിപ്പ് തയാറാക്കുക.

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 6 സ്കോർ വീതം.)**

13. "അവനു വയറു നിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണികിടന്നതും അവനു സ്കൂളിലേക്ക് ഒരു വരക്കോലും സ്കൂൾപെട്ടിയും വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്തു പണ്ടുപണ്ടേ കിടന്നിരുന്ന ഒരു പൊൻപണം തൂക്കി വിറ്റതും മറ്റും അവന് ഓർമ്മയുണ്ടോ എന്നൊന്നെഴുതിച്ചോദിക്കൂ"- അമ്മ.

*(ഞാൻ കഥാകാരനായ കഥ)*

"പക്ഷേ, ഒന്നോർക്കണം.നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോടു പറയൂ, കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഭാഗവും കുട്ടികൾ അമ്മയുടെ ഒരുഭാഗവുമായിത്തീരുകയുള്ളൂ." - മിസ്സിസ് തലത്ത് *(വിശ്വരൂപം)*

രണ്ടു സന്ദർഭങ്ങളിലെയും അമ്മമാരുടെ വാക്കുകളും അനുഭവങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക. 6

14. "നാലു പാളികളുള്ള കതകിന്റെ ചേർപ്പുരേഖകൾ, വാതിൽച്ചട്ടത്തിന്റെ ചതുരത്തിനകത്ത് മെലിഞ്ഞ ഒരു കുരിശ് തീർത്തിരുന്നു. അതു പിളർന്നു നീങ്ങിയപ്പോൾ അയാളുടെ മകന്റെ ഭാര്യ ജൂലിയാനയുടെ, അമിതാകാംക്ഷകൊണ്ട് വിളർത്ത നിഴൽമുഖം തെളിഞ്ഞു."

"വില്യംമൂന്നാമൻ രാജാവിന്റെ ഛായയെ ദാരിദ്ര്യവും വാർധക്യവും ചേർന്ന് പുകച്ചു മങ്ങിച്ചതു പോലെയായിരുന്നു അയാളുടെ മുഖം."

"ഉപകരണവിശേഷംകൊണ്ട് ചിത്രകലയ്ക്കു സംഭവിച്ചിട്ടുള്ള ന്യൂനത കാലപരിമിതിയാണ് "

എന്ന് എം.പി. പോൾ, അഭിപ്രായപ്പെടുന്നു.

- ചിത്രത്തിൽനിന്നു ജനിച്ച 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന കഥയിൽ ചിത്രകലയുടെ സ്വഭാവം കടന്നുവന്നിട്ടുണ്ടോ? സൂചനകളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

15. **ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക** 6

- **ഇനിയെന്ത് വിൽക്കും?**

പുഴയെ, കാറ്റിനെ, വെയിലിനെ വിൽക്കാൻ
മഴയെ മണ്ണിന്റെ തരികളെ വിൽക്കാൻ
പതിനാലാംരാവിന്റെയഴകിനെ വിൽക്കാൻ
പുലരിതൻ സപ്തസ്വരങ്ങളെ വിൽക്കാൻ
അവർ വിളിക്കയായ്.. വരിക, ലോകത്തിൻ
പെരുമടിശ്ശീലതലവരേ ..നീല-
മലകൾ നിങ്ങൾക്കു കുഴിച്ചെടുക്കുവാൻ
ഹരിതവൃക്ഷങ്ങൾ പിഴുതെടുക്കുവാൻ
മകരവും മഞ്ഞും കുളിരും നിങ്ങൾക്കു
മറന്നുപോകാതെ പൊതിഞ്ഞെടുക്കുവാൻ
അലക്കിത്തേച്ച വെൺചിരിയുമായ് നാടു
മുറിച്ചു വിൽക്കുവാൻ കൊതിച്ചു നിൽപ്പവർ
വിളിച്ചു കൂവുന്നു.. നുറുക്കു കേരളം..
മുറിച്ചെടുക്കുകീ കശാപ്പുകത്തിയാൽ
ഇനി വിൽക്കാനുണ്ട്, തിരിച്ചറിയലിൻ
തുറുപ്പുചീട്ടൊന്നു കഴുത്തിലിട്ടവർ
ഇറച്ചിക്കും വേണ്ടാത്തവർ.. ശതകോടി
അവരെ താങ്ങുവാൻ വരുവതാരിനി?

*വിജയലക്ഷ്മി*

SET- II

# മാതൃകാചോദ്യപേപ്പർ 2016 -17
# മലയാളം
## കേരളപാഠാവലി

സ്റ്റാന്റേർഡ്: X

സമയം : 90 മിനിറ്റ്
സ്കോർ : 40

**പൊതു നിർദേശങ്ങൾ**

- *ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.*
- *ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.*
- *ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.*

1. താഴെ നൽകിയിരിക്കുന്നവയിൽ തെറ്റായി പിരിച്ചെഴുതിയ പദം കണ്ടെത്തുക. (1)

   എ) മന്ത്ര, ഉച്ചാരണം - മന്ത്രോച്ചാരണം
   ബി ചവർ, ക്കൂമ്പാരം - ചവർക്കൂമ്പാരം
   സി) വൈകി, ആണ് - വൈകിയാണ്
   ഡി) പഠനം, അല്ലാതെ - പഠനമല്ലാതെ

2. "ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പെട്ടെന്നു കനിവുറ്റതായി." (1)
   പാറാവുകാരന്റെ ഭാവം മാറാൻ കാരണമെന്ത്?

   എ) വൃദ്ധന്റെ പെരുമാറ്റം കണ്ടിട്ട്. ബി) ഗ്രാമീണനായതുകൊണ്ട്.
   സി) വൃദ്ധൻ ക്ഷീണിതനാണെന്നറിഞ്ഞ്. ഡി) കണ്ടുണ്ണിയുടെപിതാവാണെന്നറിഞ്ഞ്.

3. പകൽ മുഴുവനും എവിടെ കറങ്ങി നടക്കുകയാണെന്നാർക്കറിയാം? താഴെ തന്നിരിക്കുന്നവയിൽനിന്ന് ഈ വാക്യത്തിന് ഏറ്റവും യോജിച്ചത് എടുത്തെഴുതുക. (1)

   എ) പകൽ മുഴുവനും എവിടെയൊക്കെയോ കറങ്ങിനടക്കുകയാണെന്നാർക്കോ അറിയാം.
   ബി) പകൽ മുഴുവനും എവിടെ കറങ്ങിനടക്കുകയാണെന്നാർക്കും അറിയില്ല.
   സി) പകൽ മുഴുവനും എവിടെ കറങ്ങിനടക്കുകയാണെന്ന് ഒരാൾക്കേ അറിയൂ.
   ഡി) പകൽ മുഴുവനും ആർക്കെല്ലാമോ വേണ്ടി കറങ്ങിനടക്കുകയായിരുന്നു.

4. യുദ്ധധർമ്മം അറിയുന്ന അവരോടു ഞാൻ പറഞ്ഞതായി പറയണം. അടിവരയിട്ട പദത്തിന് യോജിച്ച അർഥം കണ്ടെത്തുക. (1)

   എ) യുദ്ധത്തിനോടുള്ള ധർമ്മം ബി) യുദ്ധത്തിലെ ധർമ്മം
   സി) യുദ്ധമാകുന്ന ധർമ്മം ഡി) യുദ്ധം മൂലമുള്ള ധർമ്മം

5. "ഏവമോതിയിടരാർന്നു കണ്ണുനീർ
   തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ"

   അടിവരയിട്ട പദങ്ങളിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥ കണ്ടെത്തി ലഘുകുറിപ്പ് തയാറാക്കുക. (മൂന്നോ നാലോ വാക്യങ്ങൾ) (2)

6 " എന്നെ വിടാൻ പോകുന്നു എന്നത് വാസ്തവം തന്നെയോ"?

ഴാങ് വാൽ ഴാങ് ഇങ്ങനെ ചിന്തിക്കാനുള്ള സന്ദർഭം?

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 4 സ്കോർ വീതം)**

7. " മാഡം തലത്ത് മരിച്ചു പോയി മോനേ; ഡോക്ടർ തലത്തിനൊപ്പം അവരും പോയി."

"ഒന്നുമില്ലെങ്കിൽ എല്ലാറ്റിനുമുപരിയായി നല്ല കുറേ ഓർമ്മകളെങ്കിലും നമ്മോടു കൂടിയുണ്ടാകുമല്ലോ. ഓർമ്മകൾ...അതു മാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളൂ സുധീർ."

വാർധക്യത്തിന്റെ എന്തെല്ലാം പ്രശ്നങ്ങളാണ് കഥാകാരി മിസ്സിസ്സ് തലത്തിലൂടെ അവതരിപ്പിക്കുന്നത്? വിശകലനക്കുറിപ്പ് തയാറാക്കുക.

8. "കല്യാണം കൈവരുമ്പോൾ കലുഷമതികളിമ്മട്ടിലും ചേഷ്ടകാട്ടും
മാല്യം മൂർദ്ധാവിലിട്ടാൽ തലകുടയുമുടൻ പാമ്പിതെ -
ന്നോതിയന്ധൻ"

- ഈ വരികളിലെ പ്രയോഗഭംഗി വിശദമാക്കുക.

9. "ആകയാൽ മോക്ഷാർഥിയാകിൽ വിദ്യാഭ്യാസ-
മേകാന്തചേതസാ ചെയ്കവേണ്ടുന്നതും
തത്ര കാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറിക നീ"

മനസ്സിന്റെ ഏകാഗ്രത നഷ്ടപ്പെടുത്തുന്ന ശത്രുക്കളെക്കുറിച്ചുള്ള എഴുത്തച്ഛന്റെ ഉപദേശം ഇന്നും പ്രസക്തമാണോ? വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയാറാക്കുക.

10. "ദൂരത്തുന്നാരും വരികയില്ല നമ്മെക്കാൺമാൻ"
"നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും"

ചുരുങ്ങിയ വാക്കുകൾകൊണ്ട് പുഷ്കരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം മുഴുവൻ വ്യക്തമാക്കാൻ ഉണ്ണായിവാര്യർക്കു കഴിഞ്ഞിരിക്കുന്നു.-

വരികളിലെ സൂചനകളുടെ അടിസ്ഥാനത്തിൽ പ്രസ്താവനയോടു പ്രതികരിക്കുക.

11. "തന്നിൽനിന്നടർന്നൊരു
മുത്തിനെ, യാരോ കുത്തി
നെഞ്ചകം പിളർന്നൊരു
മുത്തിനെ വീണ്ടും തന്റെ-
യങ്കത്തിലെതിരേൽക്കും
പാഴ്ച്ചിപ്പിയുടെ മൂക-
സങ്കടം പോലേയമ്മ-
യിരിപ്പൂ; കരയുവാൻ
കണ്ണുനീരില്ലാ, തുരി-
യാടുവാൻ വാക്കില്ലാതെ
കത്താതെ,യുരുകാതെ,
വിങ്ങുമുൾത്താപം പോലെ!"

- *മൈക്കലാഞ്ജലോ മാപ്പ്*

കവിതാഭാഗം വിശകലനം ചെയ്ത് അതിലെ കാവ്യപരമായ സവിശേഷതകൾ എഴുതുക

12 "സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?"
"എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചുകഴിഞ്ഞു."

ഈ വരികളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതകാഴ്ചപ്പാടുകൾ നിങ്ങൾക്കു നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? കുറിപ്പ് തയാറാക്കുക.

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 6 സ്കോർ വീതം)**

13. "ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി."

*- അക്കർമാശി*

"അവൻ എന്നെ കുഠം പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു."

*- ഞാൻ കഥാകാരനായ കഥ*

തീവ്രമായ അനുഭവങ്ങളും പച്ചയായ ജീവിതയാഥാർഥ്യങ്ങളുമാണ് സാഹിത്യകൃതികളെ ജീവനുള്ളതാക്കിത്തീർക്കുന്നത്. ഈ പ്രസ്താവനയുടെയും സൂചനകളുടെയും അടിസ്ഥാനത്തിൽ അക്കർമാശി, ഞാൻ കഥാകാരനായ കഥ എന്നീ പാഠഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

14. 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന വിഖ്യാതചിത്രത്തെ അടിസ്ഥാനമാക്കിയാണ് അതേ പേരിൽ കഥയെഴുതിയിരിക്കുന്നത്. പിയത്ത എന്ന ശില്പത്തെ അടിസ്ഥാനമാക്കിയാണ് 'മൈക്കലാഞ്ജലോ, മാപ്പ്' എന്ന കവിത. ഇവ വിലയിരുത്തി 'കലകളും സാഹിത്യവും തമ്മിലുള്ള പരസ്പരബന്ധം' എന്ന വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം തയാറാക്കുക

15. **ആസ്വാദനക്കുറിപ്പ് തയാറാക്കുക**

**വേര്**

ഇതു കലാമണ്ഡലം, ഇതു കേരളീയം-തിര
ത്തളിരിലകൾ കോട്ടിയതിലൊരു പിടിക്കുളിരുമായ്
നിളയൊഴുകിയെത്തുന്നിവിടെയിടവേളയിൽ
ചെറുതുരുത്തിക്കടവിലോർക്ക മലയാളമേ!
ഇതുവഴി നടന്നിരിക്കാം പഴയ പാണനാർ
തിരുവരങ്കത്തെ തുയിലുണർത്തും പാണനാർ
നെയ്തലും മരുതവും കുറിഞ്ഞിയും പാടും പാണനാർ
ഇതുവഴി കടന്നിരിക്കാം തെരുവുഗായകർ
ഇതുവഴി കടന്നിരിക്കാം കിളിപ്പൊൻമകൾ
ഇതുവഴി പറയാനും ശീതങ്കനോട്ടനും
പലകഥകൾ തുള്ളിപ്പറഞ്ഞുനടക്കെയി-
പ്പടികളിലിരുന്നു കാൽ നീരിലിട്ടാട്ടിടാം.

*രാവേ, നീ പോകരുതേ! (അല്ല, പോയിവരൂ!)* *അയ്യപ്പപ്പണിക്കർ*

A

# മലയാളം - I

## (കേരളപാഠാവലി)

സ്റ്റാന്റേർഡ് : X

സമയം : 1½ മണിക്കൂർ
സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. അടിവരയിട്ട പദങ്ങൾ വാക്യത്തിന് നൽകുന്ന അർഥവ്യത്യാസം കുറിക്കുക.
   എങ്ങനെയെങ്കിലും നാളെ യാത്രതിരിക്കണം.
   വേഗത്തിൽ ചക്രം തിരിക്കണം. 1
2. മാതൃകപോലെ മാറ്റിയെഴുതുക.
   ആരെന്നതിനെപ്പറ്റിയും - ആര്, എന്നതിനെ, പറ്റിയും
   അതങ്ങനെത്തന്നെ - 1
3. അർത്ഥവിത്യാസം വരാതെ ഒറ്റവാക്യമായി എഴുതുക
   ആളുകൾ ഉറക്കപ്പിച്ചും ഭയവും പിടിപെട്ട് അങ്ങുമിങ്ങും പായുകയായി.
   അവർക്ക് ആയുധവും വസ്ത്രവുമൊന്നും കയ്യിൽ കിട്ടിയില്ല.
4. "അമ്മ പറഞ്ഞു: ഓ.... ചോറും കറിയും വെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും"-
   ഈ വരികളിൽ തെളിയുന്ന അമ്മയുടെ രണ്ടു സവിശേഷതകൾ എഴുതുക. 2
5. "ഏവമോതിയിടരാർന്നു കണ്ണുനീർ
   തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ"
   - അടിവരയിട്ട പ്രയോഗത്തിന്റെ ഭാവഭംഗി കണ്ടെത്തി എഴുതുക. 2

**6 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിനു മാത്രം ഉത്തര മെഴുതുക**

**(5 x 4 = 20)**

6. • "എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ, എന്നെ കൊണ്ടുപോയില്ല. ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു." (വിശ്വരൂപം)
   • "പുത്രമിത്രാർഥകളത്രാദിസംഗമ-
   മെത്രയുമൽപ്പകാലസ്ഥിതമോർക്ക നീ"
   - എഴുത്തച്ഛന്റെ ഈ വരികളുടെ അടിസ്ഥാനത്തിൽ മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥ വിശകലനം ചെയ്യുക.
7. "ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽനിന്ന് ഏറ്റുവാങ്ങി."
   - ഈ വരികളിലെ സാദൃശ്യകൽപ്പന കഥാസന്ദർഭത്തിന് നൽകുന്ന അർഥവ്യാപ്തി വിശദീകരിച്ച് കുറിപ്പ് തയാറാക്കുക.
8. "അന്യജീവനുതകി സ്വജീവിതം
   ധന്യമാക്കുമമലേ! വിവേകികൾ' - *(കുമാരനാശാൻ)*
   - ഈ കാഴ്ചപ്പാടിന്റെ സമകാലികപ്രസക്തി വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക

9. "വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ"

- ക്രോധാവിഷ്ടനായ ലക്ഷ്മണനെ ശാന്തചിത്തനാക്കാൻ ശ്രീരാമന്റെ വാക്കുകൾ എത്ര മാത്രം പര്യാപ്തമാണ്? പാഠസന്ദർഭം മുൻനിർത്തി വിശകലനം ചെയ്യുക.

10. "തെറികാട്ടിയാശ്രമ വിരുദ്ധവൃത്തിനീ
ചെറുപാമ്പ് ചന്ദനമരത്തിനെന്നപോൽ
വെറുതേ വിശുദ്ധതരസത്വസൗമ്യമാം
പിറവിയ്ക്ക് ദോഷമുളവാക്കിവെയ്ക്കെലാ"

സർവ്വദമനന്റെ പ്രവൃത്തികൾ ആശ്രമത്തിന് ചേരുന്നതല്ല എന്ന് പറയുന്നത് എന്തുകൊണ്ട്?

11. "ഒരു സത്യവാൻ ആയിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ, ഒരിക്കലും മറന്നുപോകരുതേ" മെത്രാന്റെ ഉപദേശത്തിന്റെ പൊരുൾ?

**12 മുതൽ 14 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിനു മാത്രം ഉത്തരം എഴുതുക (2 x 6 = 12)**

12. 
- "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി."
- "സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല."
- "മണ്ണു മൂടുന്നതിനുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു." - (കടൽത്തീരത്ത്)

- തന്നിരിക്കുന്ന കഥാഭാഗങ്ങളും കഥയിൽ നിന്നുള്ള ഉചിതമായ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

13. സമൂഹത്തിന്റെ കണ്ണിൽ ഴാങ് വാൽ ഴാങിന്റെ പ്രവൃത്തി കുറ്റകരമാണെങ്കിലും മെത്രാൻ അത് കുറ്റമായി കാണുന്നില്ല. മെത്രാന്റെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

14. ആശയം, സമകാലികപ്രസക്തി, മറ്റ് ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**ആശംസ**

മകനേ, നിൻ കൈയെന്നും നീളുക
കരയും കണ്ണു തുടയ്ക്കാൻ മാത്രം
ഇരുളിൽ വിളക്കു കൊളുത്താൻ മാത്രം
കനിവിന്നമൃതു പുരട്ടാൻ മാത്രം
അരുതേ - പകയുടെ കത്തി നിവർത്താൻ
അരുതേ നിൻ കൈയരുതെൻ മകനേ!
കളിയായ് തുമ്പിച്ചിറകുകൾ നുള്ളാൻ
എളിയ തലയ്ക്കു കിഴുക്കിയമർത്താൻ
ചതിയുടെ ചരടു കുരുക്കിമുറുക്കാൻ
പെരുവഴി നടുവേ മുള്ളുവിതയ്ക്കാൻ
തെളിനീരുറവയിൽ നഞ്ചു കലർത്താൻ
അരുതേ നിൻ കൈയരുതെൻ മകനേ!
മകനേ, നിൻ കൈയെന്നും നീളുക
നെറിയുടെ നേർവഴി ചൂണ്ടാൻ മാത്രം
അയലിനു താങ്ങു കൊടുക്കാൻ മാത്രം
ദയയുടെ ചാലുതെളിക്കാൻ മാത്രം. - *ജി. കുമാരപിള്ള* 6

(*അയൽ - അയൽപക്കം*)

**A**

# കേരളപാഠാവലി

## മൂല്യനിർണയ സൂചിക

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | അർഥവ്യത്യാസം കണ്ടെത്തിയിട്ടുണ്ട് (പുറപ്പെടണം, കറക്കണം സമാനാർഥമുള്ളവയ്ക്ക്). | 1 | 1 |
| 2 | അത്, അങ്ങനെ, തന്നെ | 1 | 1 |
| 3 | അർഥവ്യത്യാസം വരാതെ ഒറ്റവാക്യമായി എഴുതിയിട്ടുണ്ട്. | 2 | 2 |
| 4 | ഉചിതമായ ഓരോ സവിശേഷതയ്ക്കും ഓരോ സ്കോർ വീതം. | 1 + 1 | 2 |
| 5 | നളിനിയുടെ മാനസികാവസ്ഥ കണ്ടെത്തിയിട്ടുണ്ട്. | 1 | |
| | ഭാവഭംഗി വ്യക്തമാക്കിയിട്ടുണ്ട് | 1 | 2 |
| 6 | - വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. | 1 | |
| | - മിസ്സിസ് തലത്തിന്റെ രണ്ട് ജീവിതാവസ്ഥകളും തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | |
| | - ബന്ധിപ്പിച്ച് വ്യക്തമാക്കിയിട്ടുണ്ട്. | 1 | |
| 7 | - സാദൃശ്യകല്പന കണ്ടെത്തിയിട്ടുണ്ട്. | 2 | |
| | - സാദൃശ്യകല്പനയുടെ അർഥവ്യാപ്തി വിശദീകരിച്ചിട്ടുണ്ട്. | 2 | |
| 8 | വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട് | 1 | |
| 9 | കവിയുടെ കാഴ്ചപ്പാട് തിരിച്ചറിഞ്ഞിട്ടുണ്ട് | 1 | |
| | സമകാലിക പ്രസക്തി അവതരിപ്പിച്ചിട്ടുണ്ട്. | 2 | |
| | പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | 20 |
| | ഓരോ സംബോധനയുടെയും പ്രത്യേകതകൾ വിശകലനം ചെയ്തിട്ടുണ്ട്. | 2 | |
| | സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട് | 1 | |
| 10 | നിരീക്ഷണം അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട് | 2 | |
| | സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട് | 2 | |
| 11 | ഉപദേശത്തിന്റെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്. | 2 | |
| | | 2 | |
| 12 | നൽകിയിരിക്കുന്ന കഥാഭാഗങ്ങൾ വിശകലനം ചെയ്തു | 2 | |
| | കഥാപാത്രത്തിന്റെ പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട്. | 2 | |
| | കൂടുതൽ ഉചിതസന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട് | | |
| 13 | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | നൽകിയിരിക്കുന്ന സൂചനകളിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. | 2 | |
| | വർത്തമാനകാല യാഥാർഥ്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 2 | 12 |
| 14 | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്. | 2 | |
| | ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (പ്രയോഗഭംഗി, | 2 | |
| | ചമത്കാരഭംഗി, ശബ്ദഭംഗി തുടങ്ങിയവ). | 1 | |
| | കാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | ഉചിത ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. | | |

**B**

# മലയാളം - I

## (കേരളപാഠാവലി)

സ്റ്റാന്റേർഡ് : X

സമയം : 1½ മണിക്കൂർ
സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. **പട്ടിക ക്രമപ്പെടുത്തുക** 4

| വരികൾ/സന്ദർഭം | കഥാപാത്രം | കൃതി |
|---|---|---|
| "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം വേഗേന നഷ്ടമാമായുസ്സുമോർക്ക നീ." | കണ്ടുണ്ണി | ............................ |
| "ഞാൻ ഇന്നു വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു?" | സുധീർ | അമ്മ |
| "ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു." | ശ്രീരാമൻ | കടൽത്തീരത്ത് |
| "അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ....." | .......................... | അധ്യാത്മരാമായണം കിളിപ്പാട്ട് |

2. അടിവരയിട്ട പദത്തിന്റെ അർഥവ്യത്യാസം കുറിക്കുക.
   മിസ്സിസ് തലത്ത് ഓർമ്മകളുടെ ഓളക്കുത്തിലേക്കു <u>വഴുതിവീഴുകയായിരുന്നു.</u>
   അയാൾ പുഴയിലേക്കു <u>വഴുതിവീഴുകയായിരുന്നു.</u> 1

3. രാജധർമ്മത്തെപ്പറ്റി ഭാരതീയർക്കുണ്ടായിരുന്ന <u>ഉജ്ജ്വലാദർശങ്ങൾ</u> ഈ കാവ്യത്തിൽ ഉടനീളം പ്രകാശിച്ചു നിൽക്കുന്നു.

   അടിവരയിട്ടിരിക്കുന്ന പദം വിഗ്രഹിച്ചെഴുതുക. 1

4. "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി."
   ഈ പ്രയോഗം സന്ദർഭത്തിനു നൽകുന്ന ഭാവതീവ്രത വ്യക്തമാക്കുക. 2

**5 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിനു മാത്രം ഉത്തരമെഴുതുക**

**(5 x 4 = 20)**

5. "വാളും ബയണറ്റും കൈവിലങ്ങുകളും ഭിത്തിയിൽ കിടന്ന് ഭീകരതയോടെ മിന്നുന്നുണ്ടായിരുന്നു. അതിന്റെ കഠിനമായ തിളക്കവും സ്റ്റേഷനിൽ നിന്നിരുന്ന പോലീസുകാരുടെ ക്രൂരമുഖഭാവവും എന്നെ വല്ലാതെ പേടിപ്പെടുത്തി. നരകത്തിന്റെ ഒരു ഓർമ്മയാണ് എനിക്ക് വന്നത്."
   'നരകത്തിന്റെ ഒരു ഓർമ്മ' എന്ന പ്രയോഗത്തിന്റെ ഔചിത്യം വിലയിരുത്തുക.
   (അരപ്പുറം)

6. "കൃശമായ ശരീരം. നെറ്റിയിൽ ഭസ്മക്കുറി. കഴുത്തിൽ രുദ്രാക്ഷമാല................."
   സ്വീകരണമുറിയിലും ക്ലബ്ബിലും നാടകശാലകളിലും ഉന്മേഷഭരിതയായി പറന്നുനടന്ന മിസ്സിസ് തലത്തിന് വന്നുചേർന്ന എന്തെല്ലാം മാറ്റങ്ങളാണ് മുകളിൽ കൊടുത്ത അവരുടെ സംഭാഷണങ്ങളിൽ പ്രതിഫലിക്കുന്നത്? കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം)

7. ചുവടെ കൊടുത്ത വരികൾ വിശകലനം ചെയ്തു ജീവിതദർശനങ്ങൾ അവതരിപ്പിക്കുന്നതിന് കവി സ്വീകരിച്ച സാദൃശ്യകല്പനകൾ എത്രമാത്രം സമർഥമാണ് എന്നു വിലയിരുത്തുക.

- വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
  സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
- നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
  മെത്രയും ചഞ്ചലമാലയസംഗമം

8. "പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ; യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ."

- നളിനിക്ക് ദിവാകരനോടുള്ള സ്നേഹത്തിന്റെ സ്ഥിരത വെളിവാക്കുന്ന സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തി വിവരിക്കുക. (അരപ്പുറം)

9.
- "കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം."
- "എങ്ങട്ടാ ഈ രാവിലെ?"

വെള്ളായിയപ്പൻ വെങ്ങി. ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു.

- വെള്ളായിയപ്പനോടുള്ള നാഗരികസമൂഹത്തിന്റെ ഈ മനോഭാവത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? കുറിപ്പ് തയാറാക്കുക. (അരപ്പുറം)

10 "എരിയാൻ വിറകിന്നു കാത്തിടും
പൊരിയായുള്ളൊരു ഹവ്യവാഹന്
ശരിയായി നിനച്ചിടുന്നു ഞാൻ
പെരിയോർക്കുള്ളൊരു വീരബാലനെ"

ഈ വരികൾ പാഠഭാഗത്തിന്റെ നാടകീയത വർദ്ധിപ്പിക്കുന്നുണ്ടോ?
വിശകലനം ചെയ്ത് കുറിപ്പെഴുതുക?

11. "ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തുതന്നെ മിഴിച്ചുനിന്നു."
ഴാങ് വാൽ ഴാങ്ങിന്റെ അവസ്ഥയെകുറിച്ച് ഈ വാക്യം നൽകുന്ന സൂചനകൾ എന്തെല്ലാം?

**അല്ലെങ്കിൽ**

- നീയോ സുധീർ ! നീ.......... നീ......... ഇവിടെ....... ഇപ്പോൾ.
- മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം.
- രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി.
- അൻപുതരുമന്യരൊടു ബന്ധ, മാബന്ധങ്ങൾ
  നൺപെന്ന മഹിതസൗഭാഗ്യം

ഈ സൂചനകളുടെ കൂടി അടിസ്ഥാനത്തിൽ 'കുടുംബബന്ധങ്ങളിലെ ഊഷ്മളത' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയാറാക്കുക. (ഒരുപുറം)

6

12. കവിതയുടെ ആശയം, സമകാലികപ്രസക്തി, മറ്റ് ആസ്വാദനാംശങ്ങൾ മുതലായവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക. (ഒരുപുറം)

### പാഠം ഒന്ന് - സ്വാതന്ത്ര്യം

തെളിച്ചമുള്ള ഒരു മുഖമെങ്കിലും കാണണേ
ഉശിരുള്ള ഒരു ചലനമെങ്കിലും ഉണ്ടാവണേ
എന്നു കരുതിയാണ്
ഓരോ വട്ടവും മൃഗശാല കാണാൻ പോവുക
എങ്കിലും,
അതേ മന്ദിച്ച കിടപ്പുകൾ
എവിടേക്കുമല്ലാത്ത ചില കുറുകിയ നടത്തകൾ,
മിക്കവാറും നിലച്ച ചില ഇഴച്ചിലുകൾ
ഉയരം കുറഞ്ഞ പറക്കങ്ങൾ
പഴക്കം വന്ന വീർപ്പുകൾ
ചത്ത നോട്ടങ്ങൾ
കണ്ട് തിരിച്ചു പോരും.

ഇത്തവണയാണ് ശ്രദ്ധിച്ചത്
മൃഗശാലയിൽ
മറ്റു ചിലർകൂടിയുണ്ട്,
അവിടത്തെ രജിസ്റ്ററിൽ
ഇല്ലാത്തവ:
കൊമ്പിൽനിന്നു
കൊമ്പിലേക്കു കുതിക്കുന്ന
അണ്ണാൻ
ആകാശത്തോളം ചെല്ലുന്ന
കാക്ക
പാട്ടെറിഞ്ഞ് പോകും
കുയിൽ
ഊയലാടുന്ന
പച്ചിലപ്പാമ്പുകൾ.........
അവർ
കൂട്ടിലെ സിംഹത്തിനും
കമ്പിവേലിക്കകത്തെ കിളികൾക്കും
പാഠം ഒന്ന് - സ്വാതന്ത്ര്യം എന്നു
സോദാഹരണം
ക്ലാസെടുക്കുന്നത്
കണ്ടുനിന്നു.

- വീരാൻകുട്ടി (6)

# മൂല്യനിർണയ സൂചിക

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | ഭോഗങ്ങളെല്ലാം.... ശ്രീരാമൻ. അധ്യാത്മരാമായണം | 1 | |
| | ഞാൻ ഇന്ന് ........ ബഷീർ അമ്മ | 1 | |
| | ഞാൻ മുൻകൂട്ടി.... സുധീർ വിശ്വരൂപം | 1 | 4 |
| | അപ്പാ, എന്നെ ...... കണ്ടുണ്ണി കടൽത്തീരത്ത് | 1 | |
| 2 | അർഥവ്യത്യാസം കണ്ടെത്തി എഴുതിയിട്ടുണ്ട്. | | |
| | കഴിഞ്ഞ കാലത്തെക്കുറിച്ച് ഓർത്തു. (മാനസികവ്യാപാരം) | 1 | 1 |
| | യഥാർഥത്തിലുള്ള വീഴ്ച (ഭൗതികവ്യാപാരം) | | |
| | (സമാനാർഥമുള്ള ഉത്തരങ്ങൾക്ക് സ്കോർ നൽകണം). | | |
| 3 | ഉജ്ജ്വലമായ ആദർശങ്ങൾ | 1 | 1 |
| 4 | വെള്ളായിയപ്പന്റെ മാനസികസംഘർഷം തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | 2 |
| 5 | സന്ദർഭത്തിന്റെ വൈകാരികതീവ്രത തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | പ്രയോഗത്തിന്റെ അർഥം തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | ഔചിത്യം വിലയിരുത്തിയിട്ടുണ്ട്. | 2 | |
| 6 | കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | കഥാപാത്രത്തിന്റെ രണ്ടു ജീവിതാവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്. | 2 | |
| | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 7 | കവിതാഭാഗങ്ങളിലെ ജീവിതദർശനം കണ്ടെത്തിയിട്ടുണ്ട്. | 1 | |
| | സാദൃശ്യകല്പനകൾ കണ്ടെത്തിയിട്ടുണ്ട്. | 2 | 20 |
| | ഔചിത്യം വിലയിരുത്തിയിട്ടുണ്ട്. | 1 | |
| 8 | കവിതാഭാഗത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | സവിശേഷപ്രയോഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. | 2 | |
| | കണ്ടെത്തിയ പ്രയോഗങ്ങൾ വിശദമാക്കിയിട്ടുണ്ട്. | 1 | |
| 9 | സന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | നാഗരികസമൂഹത്തിന്റെ മനോഭാവം കണ്ടെത്തിയിട്ടുണ്ട്. | 1 | |
| | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 2 | |
| 10 | സന്ദർഭത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. | 1 | |
| | പ്രയോഗത്തിന്റെ അർഥസാധ്യതകൾ വ്യക്തമാക്കിയിട്ടുണ്ട്. | 2 | |
| | യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | 1 | |
| 11 | നൽകിയിരിക്കുന്ന സന്ദർഭങ്ങളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | |
| | പാഠഭാഗങ്ങളിൽ നിന്നു കൂടുതൽ ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. | 2 | |
| | സ്വന്തം നിരീക്ഷണം യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | *അല്ലെങ്കിൽ* | | |
| | നൽകിയ വരികളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | |
| | വിഷയവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. | 2 | 6 |
| | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 12 | കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്. | 2 | |
| | ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. | 2 | 6 |
| | (കാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രയോഗഭംഗി, വാങ്മയചിത്രം) | 2 | |
| | ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1 | |

# മലയാളം - I

**C**

## (കേരളപാഠാവലി)

സ്റ്റാന്റേർഡ് : X

സമയം : 1½ മണിക്കൂർ

സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. പ്രകൃതിസ്നേഹം ഇല്ലാത്ത മനുഷ്യർ, പ്രകൃതിസ്നേഹ കാരുണ്യങ്ങൾക്ക് അനർഹരാകുന്നു. അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം?
   - പ്രകൃതിയുടെ സ്നേഹം
   - പ്രകൃതിയും സ്നേഹവും
   - പ്രകൃതിയാകുന്ന സ്നേഹം
   - പ്രകൃതിയോടുള്ള സ്നേഹം

   1

2. മാഡം തലത്ത് മരിച്ചുപോയി മോനേ.
   ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി.
   അടിവരയിട്ടിരിക്കുന്ന പദങ്ങൾ ധ്വനിപ്പിക്കുന്നതെന്ത്?
   - മരണപ്പെട്ടു
   - വിട്ടുപോയി
   - മറ്റൊരാളായി
   - അകലേക്കു പോയി 1

3. "രാഗാദിസങ്കുലമായുള്ള സംസാര-
   മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ"
   ഈ വരികളുടെ താളത്തിലുള്ള വരികൾ കണ്ടെത്തി എഴുതുക.
   - അദ്ദേവനെസ്സപദി പാർത്തു വിയർത്തുകൊണ്ടു-
     നീങ്ങാനെടുത്തൊരടിയൂഴിയിലൂന്നിടാതെ
   - ലക്ഷണമുള്ളൊരു പൈതലാമെന്നുടെ
     ലക്ഷണാ നീയും ചതിച്ചിതോ ഞങ്ങളെ
   - ആരതെന്നുടനറിഞ്ഞു കൗതുകം
     പാരമാർന്നു കരുതിപ്പുരാഗതം 1

4. 'സംസാരകാരിണിയായതവിദ്യയും' - ആശയത്തോട് യോജിക്കുന്ന വാക്യമേത്?
   - ആളുകളുടെ സംസാരം നിയന്ത്രിക്കുന്നത് അവിദ്യയാണ്.
   - ആളുകൾ സംസാരിക്കുന്നതിനു കാരണം അവിദ്യയാണ്.
   - ലൗകികസുഖങ്ങൾ ഇല്ലാതാക്കുന്നത് അവിദ്യയാണ്.
   - ലൗകികജീവിതദുഃഖങ്ങൾക്കു കാരണം അവിദ്യയാണ്. 1

5. "രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു" - കഥയിലെ ഈ വാക്യം നൽകുന്ന രണ്ടു സൂചനകൾ എഴുതുക.

   2

6. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റി എഴുതുക. ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു. എങ്കിലും അപ്പപ്പോഴും അയാളുടെ മനസ്സിന് വല്ലാതെ പരിഭ്രമമുണ്ടായിരുന്നു.

   2

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിനു മാത്രം ഉത്തരമെഴുതുക.** **(5 x 4 = 20)**

7. "മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ് വരും........"
ക്രോധാവിഷ്ടനായ ലക്ഷ്മണനെ സമചിത്തനാക്കാൻ ശ്രീരാമൻ നടത്തുന്ന ഉപദേശങ്ങൾ ശ്രദ്ധിച്ചല്ലോ. അവയ്ക്ക് ഇന്നും പ്രസക്തിയുണ്ടോ? വർത്തമാനകാല സംഭവങ്ങൾകൂടി വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

8. "അതേ, അമ്മ. അവിടുത്തെ കണ്ടില്ലെങ്കിൽ ജീവിതത്തിൽ വലിയൊരു ഭാഗ്യം നഷ്ടപ്പെടുമായിരുന്നു!"
മിസ്സിസ് തലത്തിൽനിന്നു ലഭിച്ച എന്തെല്ലാം പാഠങ്ങളാണ് ഇങ്ങനെ പറയാൻ സുധീറിനെ പ്രേരിപ്പിച്ചത്? വിശദമാക്കുക.

9. "ഒരു കണ്ണീർക്കണം ഞാൻ മറ്റുള്ളവർക്കായ് പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം
ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായ് ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു നിത്യനിർമ്മല പൗർണമി." - അക്കിത്തം
"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ! വിവേകികൾ" - കുമാരനാശാൻ
തന്നിരിക്കുന്ന വരികളിലെ ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

10. വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ- വള്ളി ഋതുയോഗം എന്നീ പദങ്ങൾ നൽകുന്ന അർഥസാധ്യതകൾ എന്തൊക്കെ?

11. "എന്റെ ഉള്ളുപൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു."
"പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ."
<u>കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി."</u>
അടിവരയിട്ട വാക്യം കഥയ്ക്ക് നൽകുന്ന ഭാവഭംഗി വിശദമാക്കുക.

12. "കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു
പുത്രമിത്രാർഥകളത്രാദിസംഗമ-
മെത്രയുമൽപ്പകാലസ്ഥിതമോർക്ക നീ." - എഴുത്തച്ഛൻ
"എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും" - പൂന്താനം
മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള രണ്ടു കവികളുടെയും വീക്ഷണങ്ങൾ ശ്രദ്ധിച്ചല്ലോ. വരികൾ വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിക്കുക.

13. “ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും മൂശയിൽ വാർത്തെടുത്ത സുന്ദരകാവ്യമാണ് ശാകുന്തളം” - ഋതുയോഗം എന്ന പാഠഭാഗത്തെ ആസ്പദമാക്കി ഈ പ്രസ്താവനയോട് പ്രതികരിക്കുക.

**അല്ലെങ്കിൽ**

“കാരണവർക്കു താൽപ്പര്യമുള്ള പോലെ ശവം സംസ്കരിക്കാം.”

“വേണ്ട, എനിക്കു താൽപ്പര്യമില്ല.”

“ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?”

“യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല.” (കടൽത്തീരത്ത്)

കഥയിൽനിന്നു കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. 6

14. **ആസ്വാദനം തയാറാക്കുക**

- കവിത -

**അച്ഛനോട്**

മുത്തശ്ശിക്കഥ കേൾപ്പിച്ചില്ല
പൊട്ടൻതെയ്യം കാണിച്ചില്ല
മണ്ണിലിറക്കിയില്ല
മലയാളം തൊടീച്ചില്ല
വേരുകളും കന്നിക്കൊയ്ത്തും
പാവങ്ങളും അയൽക്കാരും
കൺവെട്ടത്തേ വന്നില്ല.

കുറുന്തോട്ടിയും ശതാവരിയും
തിരിച്ചറിഞ്ഞില്ല
ആഴവും ഒഴുക്കും അനുഭവിച്ചില്ല
മത്സരങ്ങളിൽ ഞാൻ ആർത്തിപുരണ്ട അമ്പ്
ഉത്സവങ്ങളിൽ
ആർക്കും കൈയെത്താത്തിടമ്പ്
ചെറുപ്പത്തിലേ തന്നത്
വാഷിങ്ടണിലേക്കുള്ള
സ്വപ്നവിമാനത്തിന്റെ ടിക്കറ്റ്
സിലിക്കൺതാഴ്വരയിൽ
അമ്പതുനില ഫ്ളാറ്റിന്റെ തീറാധാരം....
എന്നിട്ടിപ്പോൾ നിലവിളിക്കുന്നു.
മക്കൾ വൃദ്ധസദനത്തിലടച്ചെന്ന് ....

- ജിനേഷ്കുമാർ എരമം

(സിലിക്കൺ താഴ്വര - അമേരിക്കയിലെ ഐ.ടി. കേന്ദ്രം) 6

# മൂല്യനിർണയ സൂചിക

**C**

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | പ്രകൃതിയോടുള്ള സ്നേഹം | 1 | 1 |
| 2 | മറ്റൊരാളായി | 1 | 1 |
| 3 | ലക്ഷണമുള്ളൊരു പൈതലാ... | 1 | 1 |
| 4 | ലൗകികജീവിത ദുഃഖങ്ങൾക്ക് കാരണം അവിദ്യയാണ്. | 1 | 1 |
| 5 | ശരിയായ സൂചനകൾക്ക് ഓരോ സ്കോർ | 1 +1 | 2 |
| 6 | അർഥവ്യത്യാസം വരാതെ രണ്ടു ചെറുവാക്യങ്ങളായി എഴുതുന്നതിന് (ഉദാ: കാളിദാസൻ മനുഷ്യകഥാനുഗായിയാണ്. ഇത് തികച്ചും ദൃശ്യമാകുന്നത് അദ്ദേഹത്തിന്റെ നാടകങ്ങളിലാണ്.) | 2 | 2 |
| 7 | വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>കാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.<br>അഭിപ്രായം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | 1<br>2<br>1 | 20 |
| 8 | സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>- മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥയിലെ മാറ്റം/വാക്കുകളുടെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്.<br>- സ്വന്തം നിരീക്ഷണം നടത്തിയിട്ടുണ്ട്. | 1<br>2<br>1 | |
| 9 | - നൽകിയിട്ടുള്ള വരികളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>- രണ്ടു കവികളുടെയും ജീവിതദർശനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>- യുക്തിപൂർവം താരതമ്യം ചെയ്തിട്ടുണ്ട്. | 1<br>2<br>1 | |
| 10 | സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്.<br>കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 2<br>1<br>1 | |
| 11 | സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>കഥാപാത്രങ്ങളുടെ മാനസികസംഘർഷങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>ഭാവഭംഗി വ്യക്തമാക്കിയിട്ടുണ്ട്. | 1<br>1<br>2 | |
| 12 | നൽകിയ വരികളിലെ ആശയങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>രണ്ടു കവികളുടെയും നിരീക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | 1<br>1<br>2 | |
| 13 | പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്.<br>വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>വിഷയവുമായി ബന്ധിപ്പിച്ചിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.<br>ഘടന, ഉചിതഭാഷ പാലിച്ചിട്ടുണ്ട്.<br>*അല്ലെങ്കിൽ* | 1<br>1<br>1<br>2<br><br>1 | 6 |
| - | സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്.<br>- കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.<br>- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 2<br>1<br>2<br>1 | |
| 14 | കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (പ്രയോഗഭംഗി)<br>കാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 2<br>1<br>2<br>1 | 6 |

വയനാട് ജില്ലാ പഞ്ചായത്ത്
സമഗ്ര വിദ്യാഭ്യാസ പദ്ധതി

വാർഷിക പദ്ധതി 2022 – 23

# ഉയരെ

പത്താംതരം അധിക പഠനസഹായി

# എക്സലൻസ്-2022-23

ജില്ലാ വിദ്യാഭ്യാസപരിശീലനകേന്ദ്രം,ഡയറ്റ് വയനാട്
സുൽത്താൻ ബത്തേരി,വയനാട് - 673 592
ഫോൺ: 04936 - 293792, ഇ - മെയിൽ: dietwyd.dge@kerala.gov.in
www.dietwayanad.org